ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം



Vol. 64
No.: 8
August 2021



www.ernakulamarchdiocese.org


# ജൂബിലി മംഗളങ്ങൾ!!!

## സുവർണ്ണജൂബിലി (1971-72 - 2021-22)


റവ. ഫാ. വർഗീസ്
കളരിക്കൽ


റവ. ഫാ. ജോൺ
കുട്ടുങ്കൽ


റവ. ഫാ. മാത്യു
മംഗലത്ത്


റവ. ഫാ. സഖറിയാസ്
പറനിലം


റവ. ഫാ. ജോർജ്
പുത്തൻപുര


റവ. ഫാ. ജോൺ
തോട്ടുപുറം

## രജതജൂബിലി (1996-97 - 2021-22)


റവ. ഫാ. ജോസ്
ചാരത്ത്


റവ. ഫാ. ജോയ്
കോലങ്കണ്ണി


റവ. ഫാ. സെബാസ്റ്റ്യൻ
മാതക്കൽ


റവ. ഫാ. സൈമൺ
പള്ളിപ്പുറത്ത്


റവ. ഫാ. ഷാജൻ
പുത്തൻപുരയ്ക്കൽ


റവ. ഫാ. ജോഷി
പുതുവ


റവ. ഫാ. ജെസ്റ്റോ
തോട്ടുങ്കൽ


റവ. ഫാ. ജോൺസൺ
വല്ലൂരാൻ


റവ. ഫാ. ജോഷി
മാനാനിൽ

**പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ്ണ - രജതജൂബിലി ആഘോഷിക്കുന്ന
എല്ലാ ബഹുമാനപ്പെട്ട വൈദികർക്കും അതിരൂപതയുടെ
മംഗളാശംസകളും പ്രാർത്ഥനയും സ്നേഹപൂർവ്വം നേരുന്നു.**

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN
എറണാകുളം മിസ്സം

# വിഷയസൂചിക

4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. മാർപാപ്പയുടെ കത്ത്

7. സർക്കുലർ: സിനഡ് - പ്രാർത്ഥനാ മാസം

9. കെ.സി.ബി.സി. - സർക്കുലർ
തടവറ പ്രേഷിത ദിനം

15. കെ.സി.ബി.സി. - സർക്കുലർ
ജസ്റ്റിസ് സൺഡേ

19. കെ.സി.ബി.സി. - സർക്കുലർ
കർഷകദിനം

24. യൗസേപ്പിതാവർഷം - വിചിന്തനങ്ങൾ (7)
- സാധാരണത്വത്തിൽ സംതൃപ്തി

26. Engagements

27. കച്ചേരിക്കാര്യം

28. സർക്കുലർ: 7/2021
സമിതികളുടെ കാലാവധി

29. നിര്യാതരായി

34. വാർത്തകളും വിശേഷങ്ങളും

38. Department of Catechesis

41. Department of Family Apostolate

42. Naipunnya International

45. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

47. AICO

48. അതിരൂപതാ ഡയറി

**Editor: Rev. Fr. Varghese Perumayan**

Volume : **64**
Issue No. : **8**
Month : **August 2021**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: Rs. 15.00
Annual: Rs. 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam,
Major Archbishop's House, Ernakulam,
P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings,
Lisie Hospital Road, Ernakulam,
Kochi 682018.
Published from Major Archbishop's House,
Ernakulam, P.B.No. 2580, Kochi 682031.

എറണാകുളം മിസ്സം

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Palakkal Kuriakose, Pallipuram | 1858 | 1887 | 2-8-1916 |
| Fr. Manadan Gervasis, Alangad | 1882 | 1875 | 2-8-1930 |
| Fr. Parackal George, Narakkal | 1922 | 1951 | 2-8-1997 |
| Msgr. Kavalakkatt Varghese, Kadukutty | 1910 | 1936 | 3-8-1994 |
| Fr. Parathiparambil Thomas, Muttom | 1942 | 1968 | 4-8-1994 |
| Fr. Palathunkal Thomas, Udayanapuram | 1897 | 1921 | 9-8-1969 |
| Fr. Thekkinedath Varghese, N. Parur | | 1921 | 10-8-1933 |
| Fr. Elavumkudy Paul, Aimury | 1922 | 1953 | 10-8-2007 |
| Msgr. Panikulam Joseph, N. Parur | 1908 | 1933 | 11-8-1993 |
| Fr. Pazhemadom Mathew, Vallakom | 1924 | 1953 | 11-8-2012 |
| Fr. Mulakal Gheevarghese, Thycattussery | 1861 | 1887 | 12-8-1932 |
| Fr. Pudissery Varghese, Valluvally | 1934 | 1964 | 13-8-2003 |
| Msgr. Vadakumchery Paul, Alangad | 1901 | 1931 | 15-8-1978 |
| Fr. Kammattil Mathew, Vaikom | 1918 | 1945 | 16-8-1972 |
| Fr. Kottoor Kuriakose, Kandanad | 1890 | 1919 | 18-8-1966 |
| Fr. Veliyilparambil John, Muttom | 1920 | 1949 | 18-8-1990 |
| Fr. Nettikadan Thomas, Meloor | 1927 | 1955 | 21-8-1985 |
| Fr. Mampilly Jacob, Narakkal | 1924 | 1951 | 22-8-2004 |
| Fr. Chiramel Joseph, Manjapra | 1889 | 1917 | 23-8-1970 |
| Fr. Chully Joseph, Vallom | | | 24-8-1964 |
| Fr. Mannassery Cyriac, Valamangalam | 1934 | 1961 | 24-8-1990 |
| Fr. Elamkuttuchira Jacob, Vaikom | 1929 | 1958 | 24-8-1991 |
| Fr. Thachil Joseph, Angamaly | 1939 | 1964 | 25-8-1989 |
| Fr. Nettikadan Thomas, Meloor | 1882 | 1909 | 28-8-1944 |
| Fr. Mampilly John, N. Parur | 1897 | 1929 | 28-8-1989 |
| Fr. Joseph Koilparambil, Pallippuram | 1928 | 1994 | 28-8-2018 |
| Fr. Vadakumchery Louis, Manjapra | 1920 | 1947 | 29-8-2009 |

*To the Bishops, Clergy, Religious and Laity*
*of the Syro-Malabar Church*

Dear Brothers and Sisters in Christ,

The Holy See regards with special approval and encouragement the agreement unanimously reached by the Synod of Bishops of the Syro-Malabar Church in 1999 – and repeatedly endorsed in subsequent years – for a uniform mode of celebrating the Holy *Qurbana,* considering this an important step towards increasing stability and ecclesial communion within the whole body of your beloved Church. The concerted efforts towards applying this auspicious development in the great Jubilee Year 2000 gave joyful confidence in your *sui iuris* Church to my saintly predecessor Pope John Paul II.

Notwithstanding some difficulties, which require ongoing discernment in the life of your vibrant Church, the approved norms for the Eucharistic celebration have borne considerable fruit including evangelization in those places, especially the missionary Eparchies, where the whole community has joined in peaceful and prayerful observance, interpreting the continuing consensus of the Hierarchy as a fruit of the Holy Spirit.

I strongly urge the Syro-Malabar Bishops to persevere, and I confirm their ecclesial "walking together" with God's people,

trusting that "time is greater than space" (cf. *Evangelii Gaudium,* 222-225) and that "unity prevails over conflict" (cf. *ibid,* 226-230).

I willingly take the occasion of the recognition of the new *Raza Qurbana Taksa* to exhort all the clergy, religious and lay faithful to proceed to a prompt implementation of the uniform mode of celebrating the Holy *Qurbana,* for the greater good and unity of your Church. May the Holy Spirit foster harmony, fraternity and unity among all members of your Church as you work to implement the Synodal decision.

Entrusting all of you to the intercession of the Blessed Virgin Mary, the Holy Patriarch Saint Joseph and the Apostle Saint Thomas, I gladly impart my Apostolic Blessing. I assure you of my closeness in prayer and ask you, please, to pray for me.

Francis

Rome, Saint John Lateran, 3 July 2021

Prot. No. 0793/2021 20-07-2021

# സർക്കുലർ

## സിനഡിന്റെ വിജയത്തിനായി പ്രാർഥനാമാസം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭയിലെ മെത്രാന്മാരുടെ 29-ാം സിനഡിന്റെ രണ്ടാം സമ്മേളനം 2021 ഓഗസ്റ്റ് 16 മുതൽ 27 വരെ തീയതികളിൽ ഓൺലൈനായി നടക്കുകയാണ്. കേരളത്തിലെ 13 രൂപതകളിലെയും കേരളത്തിനു പുറത്ത് ഇന്ത്യയിലുള്ള 18 രൂപതകളിലെയും ഇന്ത്യയ്ക്കു വെളിയിലുള്ള 4 രൂപതകളിലെയും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലെയും 46 മെത്രാന്മാരും റിട്ടയർ ചെയ്ത 16 മെത്രാന്മാരും ഉൾപ്പെടെ 62 പേരാണ് സിനഡിൽ സംബന്ധിക്കുന്നത്.

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020 ഓഗസ്റ്റിലും 2021 ജനുവരിയിലും ഓൺലൈനായിട്ടാണു സിനഡു സമ്മേളനങ്ങൾ നടന്നത്. കോവിഡ് പകർച്ചവ്യാധിമൂലമുള്ള യാത്രാ നിയന്ത്രണങ്ങൾ കർശനമായി തുടരുന്നതിനാലാണ് ഇത്തവണയും സിനഡ് ഓൺലൈനായി നടത്താൻ തീരുമാനമായിരിക്കുന്നത്.

നമ്മുടെ സഭയുടെ നവീകരിക്കപ്പെട്ട കുർബാനക്രമത്തിനു പരിശുദ്ധ സിംഹാസനം അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ കുർബാനക്രമം നടപ്പിൽ വരുന്നതോടൊപ്പം നമ്മുടെ എല്ലാ രൂപതകളിലും സമർപ്പിത ഭവനങ്ങളിലും ഒരേ രീതിയിൽ വിശുദ്ധ കുർബാന അർപ്പിക്കണമെന്നു 2021 ജൂലൈ 3-ന് പുറപ്പെടുവിച്ച തിരുവെഴുത്തിലൂടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ പ്രത്യേകമായ ആഹ്വാനം നൽകിയിട്ടുണ്ടല്ലോ. പരിശുദ്ധ പിതാവിന്റെ ഈ ആഹ്വാനം നടപ്പിൽ വരുത്തുന്നതിനുള്ള തീയതി ആഗസ്റ്റു മാസത്തിലെ സിനഡിൽ തീരുമാനിക്കുന്നതാണ്. നമ്മുടെ സഭയിൽ എല്ലാ തലങ്ങളിലും പൂർണമായ ഐക്യം കൈവരുന്നതിനും സഭയുടെ പ്രേഷിത ചൈതന്യം പരിപോഷിപ്പിക്കുന്നതിനും ഉപയുക്തമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് എല്ലാവരുടെയും പ്രാർഥന അഭ്യർത്ഥിക്കുന്നു.

അതിനായി, 2021 ജൂലൈ മാസം 27 മുതൽ സിനഡു സമാപിക്കുന്ന ഓഗസ്റ്റ് 27 വരെ നീണ്ടുനില്ക്കുന്ന ഒരു മാസത്തെ പ്രാർഥനാചരണത്തിനായി ഏവരെയും ആഹ്വാനം ചെയ്യുന്നു. ഈ ഒരു മാസത്തിലെ വെള്ളിയാഴ്ചകളിൽ സാധിക്കുന്നവരെല്ലാം ഉപവാസമെടുക്കുന്നതും ഉചിതമായിരിക്കും.

സീറോമലബാർ സഭയ്ക്കു പ്രത്യേകമായി എഴുതിയ കത്തിൽ തനിക്കു വേണ്ടി പ്രാർഥിക്കണമെന്നു പരിശുദ്ധ പിതാവ് അഭ്യർത്ഥിച്ചിരുന്നല്ലോ. അടുത്തകാലത്ത് ഒരു ശസ്ത്രക്രിയയ്ക്കു വിധേയനായ പരിശുദ്ധ പിതാവ് എത്രയും വേഗം ആരോഗ്യം പൂർണമായും വീണ്ടെടുക്കുന്നതിനും സാർവ്വത്രികസഭയിലെ നേതൃത്വ ശുശ്രൂഷ ഫലപ്രദമായി തുടർന്നും നിർവഹിക്കുന്നതിനും വേണ്ടി നമുക്കു പ്രത്യേകം പ്രാർഥിക്കാം.

പരിശുദ്ധ കന്യകാമറിയത്തിന്റെയും വി. യൗസേപ്പിതാവിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും പ്രാർഥനയാൽ നമ്മുടെ സഭ മുഴുവനിലും പ്രത്യേകിച്ചു സിനഡു സമ്മേളനത്തിലും ദൈവത്തിന്റെ കാരുണ്യവും അനുഗ്രഹവും വർഷിക്കപ്പെടാൻ ഇടയാകട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്

..............................................

N.B.: ഈ സർക്കുലർ 2021 ജൂലൈ 25-ന് പള്ളികളിൽ വായിക്കുന്നതിനും, ഇടവകയുമായി ബന്ധപ്പെട്ട സാമൂഹികസമ്പർക്ക മാധ്യമങ്ങൾ/ ഇതര മാർഗ്ഗങ്ങൾ വഴി ഇടവകാംഗങ്ങളെ അറിയിക്കുന്നതിനുമായി നൽകിയത്.

Ref: 3543/K-5/KCBC/OL/DS 26-07-2021

# തടവറ പ്രേഷിതദിനം

*തടവറ പ്രേഷിത ദിനത്തോടനുബന്ധിച്ച് കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ*

**കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,**

“കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു” (ലൂക്കാ 4:18-19). ഏശയ്യായുടെ പുസ്തകത്തിൽ കാണുന്ന ഈ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത്. തടവറയിൽ കഴിയുന്ന മക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. തന്റെ അവസാന 18 മണിക്കൂറുകൾ യേശു ചെലവഴിച്ചത് തടവറയിലായിരുന്നു. ഒരു കുറ്റവാളിയെന്ന വിധിയും കുരിശുമരണവുമാണ് അവിടത്തെ കാത്തിരുന്നത്. മഹനീയനായ തടവുകാരൻ ആണ് ഈശോ; പരിശുദ്ധനായ തടവുകാരൻ. അവിടന്ന് കാരാഗൃഹത്തിലടയ്ക്കപ്പെട്ടപ്പോൾ പാപാന്ധകാരത്തിന്റെ തടവറയിൽ നിന്ന് മനുഷ്യവംശം മോചനം നേടി. കുറ്റവാളിയായി അവിടുന്ന് മരിച്ചതിനാൽ നമ്മൾ കുറ്റവിമുക്തരായി. നമ്മുടെ നീതികരണത്തിനായി പാപമില്ലാത്തവനെ ദൈവം പാപമാക്കി (2 കോറി 5:21).

“തടവുകാരോട് നിങ്ങളും അവരോടൊപ്പം തടവറയിലെന്നപോലെ പെരുമാറുവിൻ” (ഹെബ്രാ 13:3) എന്ന ദൈവവചനം എത്രയധികം അവരെ കരുതുകയും സ്നേഹിക്കുകയും ശിശ്രൂഷിക്കുകയും ചെയ്യണം എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. തടവുകാരുടെ ദയനീയ അവസ്ഥ

നാം തിരിച്ചറിയേണ്ടതാണ്. അവർ നേരിടുന്ന അപമാനം, പ്രതീക്ഷയില്ലായ്മ, നിസ്സഹായ മനോഭാവം, മനുഷ്യത്വത്തിന് യോജിക്കാത്ത അവസ്ഥകൾ, അവരുടെ കുടുംബത്തിന്റെ അവസ്ഥ എന്നിവ നമ്മെ അസ്വസ്ഥരാക്കണം. കർത്താവ് ചോദിക്കുന്നു: ഞാൻ കാരാഗൃഹത്തിലായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചോ? (cf: മത്താ 25: 36). സാഹചര്യങ്ങളുടെ സമ്മർദം കൊണ്ടാണ് ഒട്ടുമിക്കവരും കുറ്റകൃത്യങ്ങൾക്ക് അടിമകളായിത്തീർന്നത്. അവർക്കു വേണ്ടിയും അവരുടെ കുടുംബങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കാനും അവരെ സഹായിക്കാനും നമുക്ക് കടമയുണ്ട്. സുപ്രധാനമായ ഈ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതിനു വേണ്ടി ഭാരത കത്തോലിക്കാസഭ തടവറപ്രേഷിത പ്രവർത്തനങ്ങളുടെ മധ്യസ്ഥനായ വി. മാക്സ് മില്ല്യൻ മരിയ കോൾബെയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14 നു മുൻപ് വരുന്ന ഞായറാഴ്ച തടവറ പ്രേക്ഷിത ദിനമായി ആഘോഷിക്കുകയാണ്.

കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ നാമെല്ലാവരും ഒരർത്ഥത്തിൽ പരിമിതികളുടെയും ആശങ്കകളുടെയും രോഗങ്ങളുടെയും തടവറയിലാണ്. തടവറയിൽ കഴിയുന്ന സഹോദരങ്ങളെ കാരുണ്യപൂർവ്വം ഓർമ്മിക്കാൻ ഈ നാളുകളിലെ അനുഭവങ്ങൾ നമ്മെ സഹായിക്കുന്നു. 2019 ലെ സ്ഥിതി വിവരക്കണക്കുകൾ പ്രകാരം ഇന്ത്യയിലെ ജയിലുകളിലുള്ള തടവുകാരിൽ എഴുപതു ശതമാനം ആളുകളും വിചാരണ നേരിട്ട് കൊണ്ടിരിക്കുന്നവരും കുറ്റാരോപിതരുമാണ്. മുപ്പത് ശതമാനം പേർ മാത്രമാണ് നിയമത്തിന്റെ മുൻപിൽ കുറ്റക്കാരെന്ന് വിധിക്കപ്പെട്ടിട്ടുള്ളത്. നിരപരാധികളായ അനേകം മനുഷ്യർ ഇന്ന് ജയിലുകളിൽ വിചാരണ നേരിട്ടുകൊണ്ടിരിക്കുന്നു. കുറ്റാരോപിതർ എല്ലാവരും കുറ്റക്കാരാണ് എന്ന സമൂഹത്തിന്റെ മനോഭാവം അപലപനീയമാണ്. കുറ്റാരോപിതനായി മുംബൈയിലെ തലോജ ജയിലിൽ അടയ്ക്കപ്പെട്ട മനുഷ്യാവകാശ പ്രവർത്തകനും ഈശോസഭാംഗവുമായ ഫാ. സ്റ്റാൻ സ്വാമിയുടെ വിയോഗം നമ്മെ ഏറെ ദുഃഖത്തിലാഴ്ത്തി. തടവറയിൽ അടയ്ക്കപ്പെട്ട മനുഷ്യരുടെ ദയനീയാവസ്ഥയെക്കുറിച്ച് ഈ സംഭവം നമ്മെ ഓർമ്മപ്പെടുത്തുന്നു.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ 'എല്ലാവരും സോദരർ' എന്ന തന്റെ ചാക്രികലേഖനത്തിൽ വധശിക്ഷയെക്കുറിച്ച് ഇപ്രകാരം പറയുന്നു: "എല്ലാ ക്രൈസ്തവ വിശ്വാസികളും നന്മ ആഗ്രഹിക്കുന്നവരും നിയമപരവും അല്ലാതെയുമുള്ള എല്ലാത്തരം വധശിക്ഷയും നിരോധിക്കാനുള്ള പ്രവർത്തനങ്ങളിൽ ഇന്ന് സജീവമായി ഏർപ്പെടുകയും, മാത്രമല്ല ജയിൽ സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ശബ്ദമുയത്തുകയും ചെയ്യുന്നവരാകണം. കാരണം സ്വാതന്ത്ര്യം ഹനിക്കപ്പെട്ട് ജയിൽവാസം അനുഭവിക്കുന്നവർക്ക് മനുഷ്യാന്തസ് നിലനിർത്തുവാനുള്ള അവകാശമുണ്ട്. ഒരു കൊലപാതകിപോലും അവന്റെ മനുഷ്യാന്തസ്സ് നഷ്ടപ്പെടുത്തുന്നില്ല. ഏറ്റവും കൊടിയ കുറ്റവാളിക്കുള്ള അന്തസ് ഞാൻ നിഷേധിക്കാതിരുന്നാൽ ഏതൊരു മനുഷ്യന്റെയും അന്തസിനെ മാനിക്കാൻ എനിക്കും സാധിക്കും. എല്ലാ വ്യത്യാസങ്ങൾക്കും അപ്പുറം എല്ലാ മനുഷ്യർക്കും ഈ ഭൂമിയിൽ സഹവസിക്കാനുള്ള സാധ്യത ഞാൻ അംഗീകരിക്കുകയും ചെയ്യും" (*Fratelli tutti* : 268 - 269). കുറ്റവാളികൾക്ക് കൊടുക്കുന്ന ശിക്ഷകൾ മനുഷ്യ അന്തസ്സിനെ മാനിക്കുന്നതും അവരെ മന 8പരിവർത്തനത്തിലേക്കും നന്മയിലേക്കും നയിക്കുന്നതുമാകണമെന്നാണ് പരിശുദ്ധ പിതാവ് ഇവിടെ അർത്ഥമാക്കുന്നത്.

നമ്മുടെ പാപാവസ്ഥയിലേക്ക് ദൈവം ഇറങ്ങി വന്നു! നമ്മൾ നഷ്ടപ്പെട്ടവരായപ്പോൾ ദൈവം താഴേക്കു വന്നു! ദൈവത്തിന്റെ കണ്ണുകളിൽ നമുക്ക് ഒരിക്കലും മൂല്യം നഷ്ടപ്പെടുന്നില്ല, നാം എപ്പോഴും അവിടുത്തെ കാഴ്ചയിൽ വിലപ്പെട്ടവരായി നിലകൊള്ളുന്നു. എന്തെന്നാൽ, ദൈവം അനന്ത സ്നേഹമാണ്. അഗ്നിക്ക് ചൂടില്ലാതിരിക്കാൻ കഴിയാത്തതുപോലെ ദൈവത്തിന് സ്നേഹിക്കാതിരിക്കാനും കഴിയില്ല. ഒരുവനും മാനസാന്തരത്തിന് അതീതനല്ല എന്ന ദർശനമാണ് തടവറ പ്രേഷിതത്വം ഉൾക്കൊള്ളുന്നത്. നമ്മുടെ കർത്താവ് 'നല്ലകള്ളന്' പറുദീസ ഉറപ്പുവരുത്തിക്കൊണ്ട് ഒരുവനും രക്ഷയ്ക്ക് അപ്പുറത്തല്ല എന്ന് നമ്മെ പഠിപ്പിക്കുകയും ചെയ്തു. അങ്ങേയറ്റം സുരക്ഷിതത്വമുള്ള തടവറകളുടെ ഭിത്തികൾക്കു പിന്നിൽ കഠിനഹൃദയരായ കുറ്റവാളികൾ പ്രത്യാശയുടെ സന്ദേശവാഹകരായി രൂപാന്തരപ്പെടുന്ന അനുഭവ

ങ്ങളാണ് തടവറപ്രേക്ഷിത പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നത്. “ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം. നീതിമാൻമാരെയല്ല, പാപികളെ വിളിക്കാനാണ് ഞാൻ വന്നത്” (മർക്കോ 2:17) എന്ന ക്രിസ്തുവചനത്തിന്റെ അർത്ഥം നമുക്ക് ആഴമായി ഗ്രഹിക്കാൻ കഴിയണം. യേശു ഈ ഭൂമിയിലേക്ക് വന്നതിന്റെ ലക്ഷ്യം പാപികളെ വിളിക്കുകയും നഷ്ടപ്പെട്ടവരെ രക്ഷിക്കുകയും ചെയ്യുക എന്നതായിരുന്നു. കുരിശിൽ കിടന്ന് “എനിക്ക് ദാഹിക്കുന്നു” എന്ന് വിലപിച്ച ഈശോ ഇന്ന് തടവറകളുടെ ഇരുണ്ടമുറികളിൽ കഴിയുന്ന ആത്മാക്കളുടെ രക്ഷയ്ക്കായി ദാഹിക്കുന്നുണ്ട്. തടവറകളുടെ പുനരധിവാസത്തിനും രക്ഷയ്ക്കും വേണ്ടി നാം എന്താണ് ചെയ്യേണ്ടത്? ദൈവത്തിന്റെ രക്ഷാകര ദൗത്യത്തിന്റെ ശ്രേഷ്ഠമായ ഈ ജോലിയിൽ ഒരു ഭാഗമായിത്തീരാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മൂന്നുവിധത്തിൽ ശുശ്രൂഷാധർമ്മം നിർവഹിച്ച് നിങ്ങൾക്കത് സാധ്യമാക്കാവുന്നതാണ്.

ഒന്നാമതായി, യേശു സാഹോദര്യ കൂട്ടായ്മ അഥവാ തടവറ പ്രേഷിത ശുശ്രൂഷയുടെ ഉത്ഭവം ദിവ്യകാരുണ്യത്തിൽ നിന്നാണ്. ദിവ്യകാരുണ്യത്തിന്റെ മുന്നിൽ ചെലവഴിച്ച മണിക്കൂറുകൾ ഈ ശുശ്രൂഷയുടെ വളർച്ചയ്ക്കുള്ള അനുഗൃഹീതമായ നിമിഷങ്ങളാണ്. ഓരോ സന്ദർശനത്തിനും മുൻപ് അംഗങ്ങൾ പ്രാർത്ഥനയിൽ അഭയം പ്രാപിക്കുകയും മധ്യസ്ഥ പ്രാർത്ഥന നടത്തുകയും ഉപവസിക്കുകയും ചെയ്യുന്നു. അടിസ്ഥാനപരമായി തടവറ പ്രേഷിത കൂട്ടായ്മ എന്നത് ഒരു പ്രാർത്ഥനാ സമൂഹമാണ്. ഈ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കുചേർന്ന് നിങ്ങൾക്കും തടവറ പ്രേഷിതരാകാം.

രണ്ടാമതായി, നിങ്ങൾക്ക് ജയിലുകളും തടവറ പ്രേഷിത കൂട്ടായ്മയുടെ പുനരധിവാസ കേന്ദ്രങ്ങളും തടവറമക്കളുടെ കുട്ടികൾക്കു വേണ്ടിയുള്ള ഭവനങ്ങളും സന്ദർശിക്കാം.“എന്റെ കുടുംബം എന്നെ ഉപേക്ഷിച്ചു; സമൂഹം എന്നെ ഒരു കുറ്റവാളിയായി മാത്രം പരിഗണിക്കുന്നു; നിങ്ങൾ എന്നെ സഹായിച്ചില്ലെങ്കിൽ വേറെ ആരെന്നെ സഹായിക്കും? ഞാൻ ജയിൽ വിമുക്തനാകുമ്പോൾ എനിക്ക് ഒരു ജോലിതരാൻ ആരും ധൈര്യപ്പെടുകയില്ല; ദയവായി എനിക്ക് ഒരു ജോലി സംഘടിപ്പിച്ചു തരാമോ?” തടവറക്കാർ നടത്തുന്ന ഹൃദയഭേദകമായ ഈ വിലാപം

യേശു സാഹോദര്യ കൂട്ടായ്മ ശുശ്രൂഷകരുടെ ഹൃദയങ്ങളെ ചലിപ്പിച്ചു. അതിന്റെ ഫലമാണ് 1991- ൽ സ്ഥാപിച്ച സ്നേഹാശ്രമം എന്ന പുനരധിവാസകേന്ദ്രം. ഇന്ന് കേരളത്തിൽ തടവറ പ്രേഷിത കൂട്ടായ്മ ജയിൽ വിമുക്തരായ വ്യക്തികൾക്കും അവരുടെ മക്കൾക്കുംവേണ്ടി 10 പുനരധിവാസ കേന്ദ്രങ്ങൾ നടത്തുന്നുണ്ട്.

മൂന്നാമതായി, തടവറമക്കളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി തടവറ പ്രേഷിത കൂട്ടായ്മയെ സാമ്പത്തികമായി സഹായിക്കാൻ നിങ്ങൾക്ക് കഴിയും. ഈ പ്രേഷിത കൂട്ടായ്മയുടെ ഒരു അടിസ്ഥാന തത്ത്വം "പങ്കുവയ്ക്കലാണ്." തടവറയിൽ കഴിയുന്നവർക്ക് നല്ല ഭാവി സൃഷ്ടിക്കാനും അവരുടെ കുടുംബങ്ങളെ സമുദ്ധരിക്കാനും നമുക്കൊരുമിച്ച് കൈകോർക്കാം. ആളുകളെ വ്യക്തിപരമായി കണ്ടുമുട്ടി സുമനസ്സുകളുടെ സഹായത്തോടെ പദ്ധതികളും ദർശനങ്ങളും യാഥാർത്ഥ്യമാക്കുന്ന ശൈലിയാണ് യേശുസാഹോദര്യത്തിനുള്ളത്. കർത്താവിന്റെ ഈ ചെറിയവർക്കുവേണ്ടി ആത്മാർത്ഥമായി ഉള്ളതിൽ നിന്ന് പങ്ക്വയ്ക്കുമ്പോൾ നാം കർത്താവിനുതന്നെയാണ് നൽകുന്നതെന്ന കാര്യം മറക്കാതിരിക്കാം.

കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നവിധം ജയിൽവകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രമായി ഒരു പൊതു അനുവാദം നൽകിയിട്ടുണ്ട്. കേരളത്തിലെ 32 രൂപതകളിലും ഡയറക്റ്റർ അച്ചൻമാരുടെ നേതൃത്വത്തിൽ 50 -ഓളം യൂണിറ്റുകളിലായി 1000 ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. നമ്മുടെ എല്ലാ രൂപതകളിൽ നിന്ന് കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നു വരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ യൂണിറ്റുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. വൈദിക വിദ്യാർത്ഥികൾ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷകൾ സ്തുത്യർഹമാണ്. അനേകം അൽമായരും സമർപ്പിതരും വൈദികരും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവ്വകമായ അനുമോദനവും നന്ദിയും അർപ്പിക്കട്ടെ. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വർഷവും

പല പരിമിതികളുമുണ്ട് എന്നത് വസ്തുതയാണ്. എങ്കിലും സാധിക്കുന്ന വിധമുള്ള സംഭാവനകൾ ഓരോ രൂപതയും പി.ഒ.സി. യിൽ പ്രവർത്തിക്കുന്ന ജീസസ്സ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓഫീസിലേക്ക് അയച്ചു കൊടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണ്ണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ആഗതമാകുന്ന ഭാരത സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണത്തിരുന്നാളും നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഏവർക്കും ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ലഭിക്കട്ടെ.

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർമാൻ,
കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**
(വൈസ് ചെയർമാൻ,
കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ,
കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

..........................................

N:B: ഈ സർക്കുലർ 2021 ആഗസ്റ്റ് 8-ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3545/K-5/KCBC/OL/DS 27-07-2021

# ജസ്റ്റീസ് സൺഡേ

## കെ.സി.ബി.സി. SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 74 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യമായ നമ്മുടെ മാതൃരാജ്യത്ത് ജാതിയുടേയും മതത്തിന്റേയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദലിതരുടെ അവസ്ഥ മുൻകാലത്തേക്കാൾ വളരെ ദയനീയമാണ്. ജാതിയുടേയോ മതത്തിന്റേയോ വർഗത്തിന്റേയോ വർണ്ണത്തിന്റേയോ പേരിൽ ഒരു പൗരനോടും വിവേചനം പാടില്ല എന്ന് ഭരണഘടന അനുശാസിക്കുന്നു. ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ ദളിത് ക്രൈസ്തവർക്ക് ഒരു ഇന്ത്യൻ പൗരന് ഭരണഘടനാപരമായി ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിച്ചിരി ക്കുകയാണ്. കഴിഞ്ഞ ഏഴ് പതിറ്റാണ്ടായി ഈ വിവേചനം തുടരുകയാണ്. 1950 ആഗസ്റ്റ് 10-ന് ഇന്ത്യൻ പ്രസിഡന്റ് ഡോ. രാജേന്ദ്ര പ്രസാദ് പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഓർഡറിലൂടെ ക്രിസ്തുമത വിശ്വാസികളായ ദളിതരെ ഒഴിവാക്കി ഹിന്ദുമത വിശ്വാസികളായ ദലിതരെ മാത്രം ഉൾപ്പെടുത്തി പട്ടികജാതി സംവരണം നൽകി. ഈ ദിനം ദലിത് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഒരു കറുത്ത ദിവസമാണ്. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ദലിത് ക്രൈസ്തവർ ആഗസ്റ്റ് 10 പ്രതിഷേധദിനമായിട്ടാണ് ആചരിക്കുന്നത്. 1956-ൽ സിക്കുമതവിശ്വാസികളായ ദലിതർക്കും 1990-ൽ ബുദ്ധമത വിശ്വാസികളായ ദലിതർക്കും പട്ടികജാതി ലിസ്റ്റ് പ്രകാരം സംവരണം നൽകി. എന്നാൽ ക്രിസ്ത്യൻ/മുസ്ലീം മത വിശ്വാസികളായ ദളിതർക്ക് മാത്രം ഇതുവരെയും പട്ടികജാതി ലിസ്റ്റ് പ്രകാരമുള്ള സംവരണം നൽകിയിട്ടില്ല. ഇത് ഭരണഘടനാ വിരുദ്ധവും മനുഷ്യാവകാശ ലംഘനവുമാണ്.

"നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ" (മത്തായി 5:6) എന്നാണല്ലോ ഈശോ അരുൾ ചെയ്തിട്ടുള്ളത്. അന്യായമായി നീതി നിഷേധിക്കപ്പെട്ട ദളിത് ക്രൈസ്തവ

സമൂഹത്തോട് ഐക്യദാർഢ്യപ്പെട്ട് അവർക്ക് അർഹമായ നീതി ലഭിക്കുന്നതിന് വേണ്ടി സഭ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യ ദിനം കഴിഞ്ഞു വരുന്ന ഞായർ ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആയി ആചരിച്ചുകൊണ്ട് ദൈവതിരുസന്നിധിയിൽ പ്രാർത്ഥിക്കുകയും ഒപ്പം ദളിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാനുള്ള പരിശ്രമങ്ങളിൽ പങ്കുചേരുകയും ചെയ്യാം.

മതം മാറിയതുകൊണ്ട് മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദളിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽ നിന്ന് വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദളിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദളിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണേൽക്കുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. കേരളത്തിൽ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭിക്കുന്ന സഹായങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുകയും കൂട്ടായ ഇടപെടലുകൾ ആവശ്യപ്പെടുകയും ചെയ്യുന്നു.

ദലിത് സഹോദരങ്ങൾക്ക് സഭയ്ക്കുള്ളിൽ അവസര സമത്വവും പ്രത്യേക പരഗണനയും ആവശ്യമാണ്. 2020 ജൂലൈ 20-ന് റോമിൽ നിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് “ദരിദ്രരും ഒഴിവാക്കപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരു മായവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം” എന്നാണ്. ഭാരതത്തിലെ സഭാ സംവിധാനങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭ ദലിത് ക്രൈസ്തവരെ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ ഇടവകയും ശ്രദ്ധിക്കണം.

എല്ലാ പൗരന്മാർക്കും സ്ഥിതിസമത്വവും തുല്യനീതിയും ഉറപ്പുവരുത്തുന്ന മഹത്തായ ഭരണഘടനയുള്ള മതേതര ജനാധിപത്യ രാഷ്ട്രമാണല്ലോ ഭാരതം. എങ്കിലും ജാതിവ്യവസ്ഥയുടെ കടുത്ത വിവേചനവും കൊടിയ അനീതിയും ഇന്നും ഇവിടെ നിലനിൽക്കുന്നു. ഇത്

പരിഹരിക്കുന്നതിനുവേണ്ടി ഭരണഘടന തന്നെ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ് സംവരണം. പട്ടിക വിഭാഗക്കാർക്കെല്ലാം ഒരുപോലെ സംവരണത്തിന്റെ പരിരക്ഷ നൽകപ്പെട്ടിരിക്കുന്നു. എന്നാൽ ക്രിസ്ത്യാനികളായ ദലിതർക്ക് ഇന്നു തുല്യ നീതി നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇതിനെതിരേ മുറവിളി തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. വിഷയം പഠിക്കാനായി നിയമിക്കപ്പെട്ട കമ്മീഷനുകൾ ദലിത് ക്രൈസ്തവർക്ക് അനുകൂലമായ റിപ്പോർട്ടുകളാണ് നൽകിയിട്ടുള്ളത്. എങ്കിലും അർഹമായ പരിഗണന നൽകാൻ മാറി മാറി വന്ന സർക്കാരുകളൊന്നും തയ്യാറായിട്ടില്ല. ഈ കടുത്ത അനീതിക്കെതിരെ സുപ്രീം കോടതിയിൽ കേസ് 2004 മുതൽ നടന്നുവരുന്നു. ഈ കേസിന്റെ അനുകൂല വിധിക്കായി എല്ലാവരും പ്രാർത്ഥിക്കണം.

ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് (OEC) പ്ലസ്സ് വൺ മുതലുള്ള ഉന്നതവിദ്യാഭ്യാസ പ്രവേശനത്തിന് യാതൊരു സംവരണവും ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. കമ്മ്യൂണിറ്റി ക്വാട്ടായിലും, മാനേജ്മെന്റ് ക്വാട്ടായിലും, അഡ്മിഷൻ കിട്ടി എയിഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിലും പഠിക്കുന്ന ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്റ്റൈഫന്റും ലംപ്സം ഗ്രാന്റും കൊടുക്കാൻ പാടില്ല എന്ന ഉത്തരവും സർക്കാർ ഇറക്കിയിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഏർപ്പെടുത്തി യിരിക്കുന്ന പ്രീമെട്രിക്, പോസ്റ്റുമെട്രിക് സ്കോളർഷിപ്പുകൾ 2011 ലെ ഓർഡർ പ്രകാരം ലത്തീൻ കത്തോലിക്കർക്കും പരിവർത്തിത ക്രൈസ്തവർക്കും കൊടുക്കുവാനുള്ള നിർദ്ദേശം ഉണ്ടെങ്കിലും കഴിഞ്ഞ പത്തു വർഷമായി ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട ദലിത് ക്രൈസ്തവ കുട്ടികൾക്ക് (പരിവർത്തിത ക്രൈസ്തവ), സർക്കാരിൽ നിന്നും സ്റ്റൈഫന്റ്, ലംപ്സം ഗ്രാന്റ് ലഭിക്കുന്നു എന്ന കാരണത്താൽ ന്യൂനപക്ഷ സ്കോളർഷിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. ഈ നടപടികൾക്കെതിരെ പ്രതികരിക്കാൻ ദലിത് ക്രൈസ്തവർ മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാരപങ്കാളിത്തത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന മറ്റൊരു ജനവിഭാഗം ഭാരതത്തിലില്ല. ഇതിനെതിരെ പ്രതികരിക്കാൻ ആഗസ്റ്റ് 10 പ്രതിഷേധദിനമായും ആഗസ്റ്റ് 22 ജസ്റ്റിസ് സൺഡേ പ്രാർത്ഥനാദിനമായും ആചരിക്കാം. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി ആശിക്കാം. അതാകട്ടെ നമ്മുടെ ലക്ഷ്യം.

ദലിത് കത്തോലിക്കാ മഹാജന സഭ (DCMS) വഴിയാണ് കേരള കത്തോലിക്കാ സഭയുടെ ദലിത് ശാക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടക്കുന്നതിന് ഏവരുടെയും സഹകരണം ആവശ്യമാണ്. ദലിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് ആൻഡ് സ്കിൽ ട്രെയിനിങ് പ്രോഗ്രാം (TSDTP) കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി, +2, ഡിഗ്രി ക്ലാസ്സ് കഴിഞ്ഞവർക്കുള്ള പി.എസ്.സി കോച്ചിങ്, എസ്.എസ്.എൽ.സി കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിങ് ക്ലാസ്സുകൾ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. കഴിഞ്ഞ അധ്യയനവർഷം (2020-2021) എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, പിജി തുടങ്ങിയ പരീക്ഷകളിൽ ഉയർന്ന വിജയം കൈവരിച്ചവർക്കുള്ള സ്കോളർഷിപ്പും നൽകുന്നതാണ്. ദലിത് കത്തോലിക്കാ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽനിന്നും കെ.സി.ബി.സി. കമ്മീഷന്റെ പേർക്ക് അയച്ചു തരേണ്ടതാണ്. ഇക്കാര്യങ്ങളിലെല്ലാം എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെ.സി.ബി.സി. SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. SC/ST/BC കമ്മീഷൻ

**ബിഷപ് യൂഹാനോൻ മാർ തിയഡോഷ്യസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. SC/ST/BC കമ്മീഷൻ

.......................................

N.B.: ഈ സർക്കുലർ 2021 ആഗസ്റ്റ് 22-ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3540/K-5/KCBC/OL/DS 26.07.2021

# കെ.സി.ബി.സി. ജസ്റ്റിസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ, ലേബർ കമ്മീഷൻ, ഇൻഫാം എന്നിവയുടെ ചെയർമാൻമാർ ചേർന്ന് പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കാർഷിക വൃത്തിയെ വളരെ ഉത്കൃഷ്ടമായ ഒരു ഉപജീവന മാർഗ്ഗമായി പരിഗണിക്കുന്നതും അന്നം നല്കുന്ന കർഷകനെ ആദരിക്കുന്നതുമാണ് കേരള സംസ്കാരം. എന്നാൽ കർഷക ജനതയുടെ നിലനില്പും സുരക്ഷയും പലകാരണങ്ങളാൽ ഭീഷണിയിലാണ്. ആപത്കരമായ ഈ പ്രവണതയ്ക്ക് മാറ്റം ഉണ്ടാകണം. ലോകമാസകലം ചർച്ചയ്ക്ക് വിഷയീഭവിപ്പിച്ച ഫ്രാൻസിസ് മാർപാപ്പായുടെ അതിമനോഹരമായ ചാക്രികലേഖനം 'ലൗദാത്തോസി'യുടെ അഞ്ചാം വർഷത്തിൽ കേരള സഭയും കാർഷിക ആഭിമുഖ്യത്തിൽ കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നേറാൻ ആഗ്രഹിക്കുന്നു. കൃഷിയെ സഭയുടെ ഒരു പ്രേഷിത പ്രവർത്തനമായി കാണണം. കർഷകന് അർഹമായ അവകാശങ്ങളും ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും ലഭിക്കുന്നുവെന്ന് സർക്കാരും സമൂഹവും ഉറപ്പാക്കണം. അതിനുതകുന്ന ഒരു അവസരമായാണ് കേരള സർക്കാരിന്റെ പുതിയ കർഷക ക്ഷേമനിധി ബോർഡിനെ സഭ കാണുന്നത്.

കേരള സംസ്ഥാനത്ത് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിനായും കാർഷിക വൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായും വ്യവസ്ഥ ചെയ്യുന്ന ഒരു ആക്ടിന്റെ അടിസ്ഥാനത്തിൽ കർഷക ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന കർഷക പെൻഷൻ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് 60 വയസ്സിനു ശേഷം പ്രതിമാസം ചുരുങ്ങിയത് 5000/- രൂപാ പെൻഷൻ നല്കുവാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. അഞ്ച് വർഷത്തിൽ കുറയാതെ അംശാദായം അടച്ചവർക്ക് 60 വയസ്സ് തികയുമ്പോൾ അംശാദായത്തിന്റെയും വർഷത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും പെൻഷൻ. ക്ഷേമനിധി

ബോർഡിൽ അംഗത്വപ്രക്രിയ പൂർണ്ണമായാൽ കർഷകർക്ക് സർക്കാർ ഇപ്പോൾ നല്കുന്ന പ്രതിമാസ കർഷക പെൻഷൻ ഈ ബോർഡ് വഴിയാകും വിതരണം ചെയ്യുക. തൃശ്ശൂർ ആസ്ഥാനമായി കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. (ഫോൺ നമ്പർ: 0487-2320500). കർഷകർക്കെല്ലാം വളരെ ആശ്വാസവും ആവേശവും പകരുന്ന പദ്ധതിയാകും ഇതെന്ന് കരുതുന്നു.

കേരള സർക്കാർ 2019 ഡിസംബർ 20-ന് പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ചില കാര്യങ്ങൾ നിങ്ങളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു: കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്. (www.kfwfb.kerala.gov.in)

### (1) ആരാണ് കർഷകൻ?

സ്വന്തമായോ വാക്കാൽ പാട്ടത്തിനോ സർക്കാർ പാട്ടഭൂമിയിലോ കൃഷി ചെയ്യുന്നവർ. അഞ്ച് സെന്റ് മുതൽ 15 ഏക്കർ വരെയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നവർ. എന്നാൽ റബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ കാര്യത്തിൽ പരിധി ഏഴര ഏക്കറാണ്. കൃഷി പ്രധാന ഉപജീവന മാർഗമായി സ്വീകരിച്ചിട്ടുള്ളവർ. പ്രതിവർഷം അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത വരുമാനമുള്ളവർ. മൂന്നു വർഷത്തിൽ കുറയാതെ കൃഷി ചെയ്യുന്നവർ. ഇവർക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകാം.

### (2) ഏതെല്ലാം കൃഷികൾ?

നെൽകൃഷി, ഉദ്യാനകൃഷി, കന്നുകാലി വളർത്തൽ (ക്ഷീര കർഷകർ), ഫലവൃക്ഷങ്ങൾ, പച്ചക്കറി, വാഴ, ഇഞ്ചി, കപ്പ അടക്കമുള്ള കിഴങ്ങു വർഗങ്ങൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ, തീറ്റപ്പുല്ല് കൃഷി ചെയ്യുന്നവർ വൃക്ഷങ്ങൾ നട്ടുവളർത്തൽ, മത്സ്യം, അലങ്കാര മത്സ്യം, ചിപ്പി, കക്ക, തേനീച്ച, പട്ടുനൂൽ പുഴു, കോഴി, താറാവ്, ആട് കൃഷി ഉൾപ്പെടെ എല്ലാം.

### (3) ആർക്കെല്ലാം അംഗത്വം?

18 മുതൽ 55 വരെ വയസ്സുള്ള ഏതൊരു കർഷകനും അംഗമായി രജിസ്റ്റർ ചെയ്യാം. ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് നൂറു രൂപ അടയ്ക്കണം. ഇതിലേക്ക് അടയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായി പ്രതിമാസം പരമാവധി 250/- രൂപ സർക്കാർ വിഹിതമായി വരും.

അർധ വാഷികമായോ വർഷത്തിൽ ഒരിക്കലോ സൗകര്യം പോലെ അടയ്ക്കാം. കൂടുതൽ തുകയും അടയ്ക്കാവുന്നതാണ്. കർഷകർക്ക് സ്മാർട്ട് ഫോണിലൂടേയോ കമ്പ്യൂട്ടർ വഴിയോ നേരിട്ട് ഓൺലൈനായി രജിസ്റ്റർ ചെയ്യുവാനും വിഹിതം അടയ്ക്കുവാനും വിവരങ്ങൾ അറിയുവാനുമുള്ള പോർട്ടൽ സംവിധാനവും ഉണ്ടാകും. അക്ഷയ കേന്ദ്രങ്ങളിലും സേവനം ലഭ്യമാകും.

**(4) അംഗമാകുവാൻ ആവശ്യമായ രേഖകൾ എന്തെല്ലാം?**

(a) കർഷകരാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം:

* ക്ഷീര കർഷകരാണെങ്കിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
* ആട്, കോഴി, താറാവ് എന്നീ കർഷകർ വെറ്ററിനറി ഡോക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
* മത്സ്യകൃഷി നടത്തുന്നവർ ഫിഷറീസ് ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
* മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.

(b) അഞ്ച് ലക്ഷത്തിൽ താഴെയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്

(c) ആധാർ പകർപ്പ്

(d) വയസ്സ് തെളിയിക്കുന്നതിന് രേഖയായി ഐഡൻറിറ്റി കാർഡ് / എസ് എസ് എൽ സി ബുക്ക് കോപ്പി

(e) കരം അടച്ച രസീത്

(f) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ

(g) രജിസ്ട്രേഷൻ ഫീസ് 100/- രൂപ

**(5) അംഗത്വ കാർഡ്:**

വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ ആവശ്യമായ പരിശോധനകൾ നടത്തി വിവരങ്ങൾ ശരിയാണെന്നു കണ്ടെത്തിക്കഴിഞ്ഞാൽ അംഗത്വം ലഭിക്കുന്നവർക്ക് അംഗത്വ കാർഡ് നൽകും.

**(6) ആനുകൂല്യങ്ങൾ:**

(a) ക്ഷേമനിധിയിൽ കുടിശ്ശികയില്ലാതെ അംഗമായി തുടരുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്ത കർഷകർക്ക് അടച്ച അംശാദായത്തിന് ആനുപാതികമായി പെൻഷൻ ലഭിക്കും; എങ്കിലും കുറഞ്ഞ പെൻഷൻ മാസം തോറും 5000 രൂപയെങ്കിലും ആയിരിക്കും. (ഭാവിയിൽ അതു വർധിക്കും)

(b) അംഗമാകുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ.

(c) മക്കളുടെ വിദ്യാഭ്യാസ സഹായം

(d) അംഗങ്ങളായ വനിതകളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹസഹായം.

(e) അംഗങ്ങളായ വനിതകളുടെ പ്രസവത്തിന് രണ്ട് തവണ ആനുകൂല്യം ലഭിക്കും.

(f) ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവ്വകലാശാലകളിലെ പഠനത്തിന് വിദ്യാഭ്യാസ ധനസഹായവും ഈ പദ്ധതി ഉറപ്പാക്കുന്നു.

(g) കുറഞ്ഞത് അഞ്ചുവർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ച ശേഷം മരണമടയുന്ന അംഗത്തിന്റെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കുമെന്നത് കർഷക കുടുംബങ്ങൾക്ക് വളരെയേറെ ആശ്വാസം നൽകുന്നതാണ്.

(h) പെൻഷൻ തിയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷിക വൃത്തിയിൽ തുടരാൻ കഴിയാത്തവർക്ക് 60 വയസ്സുവരെ പ്രതി മാസം പെൻഷൻ ലഭിക്കും.

(i) രോഗം മൂലമോ അപകടം മൂലമോ ശാരീരിക അവശത ഉണ്ടാകുന്നവർക്ക് അവശത ആനുകൂല്യം ലഭിക്കും. ബോർഡ് തീരുമാനിക്കുന്ന ലൈഫ് ഇൻഷ്വറൻസ്, മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷയിൽ ചേരുന്ന അംഗങ്ങൾക്ക് ചികിത്സാ സഹായവും ലഭിക്കും.

**പ്രിയ സഹോദരങ്ങളേ,**

കർഷക ക്ഷേമനിധി ബോർഡിൽ നാമമാത്ര - ചെറുകിട കർഷകർക്ക് അംഗത്വം ലഭിക്കുന്നതിനും ആനുകൂല്യങ്ങൾ വാങ്ങിയെടുക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ സഭാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. സംസ്ഥാന തലത്തിൽ കേരള സോഷ്യൽ സർവ്വീസ് ഫോറം, കേരള ലേബർ മൂവ്മെന്റ്, ഇൻഫാം എന്നീ പ്രസ്ഥാനങ്ങൾ ചേർന്ന് പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ രൂപതകളിലും ചെറുകിട കർഷകരെ ഈ ക്ഷേമനിധി ബോർഡിൽ അംഗത്വം നേടുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ നടപടികൾ ചെയ്തു കൊടുക്കുന്നതിന് രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി, കെ.എൽ.എം., ഇൻഫാം എന്നിവയുടെ ആഭിമുഖ്യത്തിൽ ആവശ്യാനുസരണം ഹെൽപ്പ് ഡെസ്ക്കുകൾ രൂപീകരിച്ച് പ്രവർത്തിക്കുക. എത്ര പേർക്ക് ഈ ക്ഷേമനിധിയിൽ അംഗത്വം നേടിക്കൊടുത്തുവെന്ന് സംസ്ഥാന തലത്തിലേക്ക് റിപ്പോർട്ട് ചെയ്യുക. പ്രതികൂലമായ കാലാവസ്ഥ, വന്യജീവി ശല്യം, വിലത്തകർച്ച എന്നിവ അതിജീവിച്ച് കാർഷിക വൃത്തിയനുഷ്ഠിച്ച് സമൂഹത്തെ തീറ്റിപ്പോറ്റുന്ന കർഷക ജനതയ്ക്ക് സാധ്യമായ സാമൂഹ്യ സുരക്ഷ ഏർപ്പെടുത്തുന്നതിന് നമ്മുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

യേശു ക്രിസ്തുവിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ,**
ചെയർമാൻ, ജെ.പി.ഡി. കമ്മീഷൻ

**ബിഷപ് ഡോ. അലക്സ് വടക്കുംതല,**
ലേബർ കമ്മീഷൻ

**ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ,**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം,

യൗസേപ്പിതാവർഷം – വിചിന്തനങ്ങൾ: 1

# സാധാരണത്വത്തിൽ സംതൃപ്തി

*ഫാ. മാർട്ടിൻ കല്ലുങ്കൽ*

സാധാരണതയിൽ സംതൃപ്തിയടയുന്ന പ്രകൃതമായിരുന്നു യൗസേപ്പിന്റേത്. നസ്രത്തിലെ ഒരു സാധാരണമനുഷ്യനായിരുന്നു യൗസേപ്പ്. തികച്ചും സാധാരണക്കാരനായിപ്പോയതുകൊണ്ട് സാധാരണക്കാർ പോലും അയാളെ ശ്രദ്ധിച്ചില്ല. തന്റെ ചിന്തകളും ചോദ്യങ്ങളും മനസ്സിന്റെ ഉൾമുറിയിൽ അയാൾ ഒതുക്കി സൂക്ഷിച്ചു. പ്രാർത്ഥനയും ദൈവാനുഭവവും നിദ്രയിൽ ഒളിപ്പിച്ച യൗസേപ്പിന്റെ ആത്മീയസഞ്ചാരത്തിന്റെ റൂട്ട് മാപ്പ് വിശുദ്ധഗ്രന്ഥകാരന്മാർക്കുപോലും പിടികിട്ടിയില്ല. അനുഭൂതികളുടെ മുഖപ്രസാദമോ, പ്രവചനങ്ങളുടെ ശബ്ദഘോഷങ്ങളോ, അത്ഭുതങ്ങളുടെ ആകാശവിസ്മയങ്ങളോ ഇല്ലാത്തതിനാൽ അയാൾക്ക് ആത്മീയതയെന്നൊന്നുണ്ടോയെന്നുപോലും പലരും സംശയിച്ചിട്ടുണ്ടായിരിക്കും. വിശുദ്ധർക്കിടയിൽ യൗസേപ്പിനെ വ്യത്യസ്തനാക്കുന്ന രസാവഹമായ ഒരു കാര്യം അയാൾ ഒരത്ഭുതംപോലും പ്രവർത്തിച്ചില്ല എന്നതാണ്. അസാധാരണമായി എന്താണയാൾ ചെയ്തത്? എടുത്തുപറയത്തക്ക ഒരു പ്രത്യേകതയുമില്ലാതിരുന്നതുകൊണ്ടല്ലേ, 'ആ തച്ചൻ' എന്ന് അയാൾ പരാമർശിക്കപ്പെട്ടത്? വീട്ടിലിരുന്ന് സ്വന്തം ജോലി ചെയ്യുന്നതിനപ്പുറം അയാൾ ഒന്നും ചെയ്തില്ല. എന്നാൽ, ആയിരിക്കുന്നിടത്ത് ആയിരിക്കുന്നത് നിസ്സാരകാര്യമല്ലെന്ന് അചഞ്ചലനായ ദൈവത്തിന്റെ മനസ്സറിയുന്നവർക്കേ പിടികിട്ടുകയുള്ളൂ. പുറത്തുപോയി വലിയകാര്യങ്ങൾ ചെയ്യാനും പദവികളുടെയും ഇരിപ്പിടങ്ങളുടെയും ശ്രേണിയിൽ മേൽപ്പോട്ട് കയറിപ്പറ്റാനും തിക്കും തിരക്കും കൂട്ടുന്നവർക്ക് യൗസേപ്പിന്റെ സാധാരണത്തം ഒരു വെല്ലുവിളിയാണ്. ലാളിത്യമെന്നാൽ ദാരിദ്ര്യമെന്നാണോ എന്ന് സംശയിച്ചുപോകുംവിധം അതീവ ലളിതമായിരുന്നു യൗസേപ്പ് നയിച്ച ചെറിയ കുടുംബത്തിന്റെ അകവും പുറവും. 'തികച്ചും ലളിതവും സാധാരണവുമായ ജീവിതത്തെ വിഭാവനം ചെയ്യാനും സ്നേഹിക്കാനും എന്നെ പഠിപ്പിച്ചത് തിരുക്കുടുംബത്തെക്കുറിച്ചുള്ള ധ്യാനമാണ്' എന്ന് വിശുദ്ധ കൊച്ചുത്രേസ്യ രേഖപ്പെടുത്തിയിട്ടുണ്ട്.


അറിയപ്പെടാതിരിക്കുന്നതിൽ അസ്വസ്ഥത തോന്നാത്ത പ്രകൃതമായിരുന്നു യൗസേപ്പിന്റേത്. ആട്ടിടയന്മാർ ആദരങ്ങൾ അർപ്പിച്ചപ്പോഴും,

പൂജരാജാക്കന്മാർ കാഴ്ചകളുമായിവന്ന് ദിവ്യശിശുവിനെ അമ്മയായ മറിയത്തോടൊപ്പംകണ്ട് ആരാധിച്ചപ്പോഴും യൗസേപ്പ് എവിടെയായിരുന്നു? കാതറിൻ ഡൊറോത്തിയുടെ ചിന്തയിൽ, നിശ്ശബ്ദനും വിനീതനുമായ യൗസേപ്പ്, എപ്പോഴുമെന്നതുപോലെ അപ്പോഴും ശിശുവിനെയും അമ്മയെയും മുന്നിൽ നിറുത്തിയിട്ട് പുറകിലേക്ക് സ്വയം മറഞ്ഞിരിക്കുകയായിരുന്നു. പിന്മാറലിന്റെ ആത്മീയത നിരുപാധികം കളമൊഴിയാൻ ആരോടും ആവശ്യപ്പെടുന്നില്ല. അപരന് ചവിട്ടുപടിയായി കുനിഞ്ഞുകൊടുക്കുന്നതിൽ ആത്മീയതയുണ്ട്; എന്നാൽ, അപകർഷം കൊണ്ടോ ആത്മീയപീഡയുടെ ഭാഗമായോ കുനിഞ്ഞുപോകുന്നതിൽ ഒരാത്മീയ മൂല്യവുമില്ല. മറയപ്പെടാനുള്ള യൗസേപ്പിന്റെ തീരുമാനങ്ങൾ സാഹസികത നിറഞ്ഞ ആത്മീയ നിലപാടുകളാണ് വെളിപ്പെടുത്തുന്നത്. മറ്റുള്ളവർക്ക് തണലേകാനായി സ്വയമൊരു നിഴലായി മാറാൻ ഒരാളെടുക്കുന്ന തീരുമാനം ഒട്ടും നിസ്സാരമായ കാര്യമല്ല. മരങ്ങളിൽനിന്നു പഠിക്കാം. എല്ലാ തണൽ മരങ്ങളും വെയിലത്തല്ലേ നിൽക്കുന്നത്? തന്റേതല്ലാത്ത ജീവിതങ്ങളുടെ വെയിലും ചൂടുമേൽക്കുമ്പോഴാണ് ഉള്ളിൽ ഒരു പിതൃഹൃദയം വിരിയുന്നത്.

സാധാരണഗതിയിൽ ശബ്ദം കൊണ്ടാണല്ലോ മനുഷ്യൻ സാന്നിദ്ധ്യം അറിയിക്കുന്നത്. മരിച്ചുപോയവർ പോലും അവരുടെ വാക്കുകളിലൂടെ ഇന്നും ജീവിക്കുന്നുണ്ട്. യൗസേപ്പിന്റേതായി വിശുദ്ധഗ്രന്ഥത്തിൽ ഒരു വചനം പോലുമില്ല. തിരുവചനങ്ങളുടെ വ്യാഖ്യാനത്തെക്കുറിച്ചുള്ള ഒരു യഹൂദ ചിന്ത, 'ലിഖിതങ്ങളിലില്ലാത്തത് യാഥാർത്ഥ്യത്തിലുമില്ല' എന്നതാണ്. ഇത് സ്വീകരിക്കാമെങ്കിൽ യൗസേപ്പ് ഒരു മൗനിതന്നെയായിരുന്നു. അഥവാ, എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ, ബ. ജോസഫ് നാല്പതിൽചിറ അച്ചൻ നിരീക്ഷിച്ചതുപോലെ, 'ഈശോ' എന്നു മാത്രമാണ്. വചനത്തിൽ യൗസേപ്പിന്റേതായി ഒരു വാക്കുപോലും രേഖപ്പെടുത്താതിരുന്നത് വചനത്തിന്റെ പിതാവ് മൗനമാണെന്ന് (Silence is the father of the Word) നമ്മെ പഠിപ്പിക്കാൻവേണ്ടിയാണെന്ന് പോൾ ക്ലൗഡൽ പറയുന്നു. അഗാധമായ നിശ്ശബ്ദതയിൽ നിന്നാണ് അർത്ഥപൂർണമായ വാക്കുകൾ ഉറവയെടുക്കുന്നത്. വാക്കിന്റെ ഉറവ മാത്രമല്ല, കവചവും മൗനം തന്നെയാണ്. ആത്മാവും ജീവനുമായ വചനത്തെ വളർത്താൻ വേണ്ടി ആദ്യന്തം നിശബ്ദനായ യൗസേപ്പ് ദൈവപിതാവിനെ ഓർമ്മപ്പെടുത്തുന്നു. ലോകത്തിന്റെ പ്രകാശമായി പുത്രനെ അയയ്ക്കുമ്പോഴും നിറഞ്ഞ അന്ധകാരത്തിൽ നിശ്ശബ്ദനായി വസിക്കുന്ന (1 രാജ. 8:12) ദൈവപിതാവിന്റെ പ്രതിച്ഛായയാണ് യൗസേപ്പ്.

*(എസ്.എച്ച്. ലീഗ് പ്രസിദ്ധീകരിച്ച "വിശുദ്ധ യൗസേപ്പ് പിതാവും ഗുരുവും" എന്ന ഗ്രന്ഥത്തിൽനിന്ന്, പേജ് 257-259)*

# ENGAGEMENTS



## Archbishop Antony Kariyil
### Vicar of the Major Archbishop

## AUGUST 2021

| | | | |
|---|---|---|---|
| 1 | | Pastoral Council | Online Meeting |
| 2 - 6 | | K.C.B.C. | Online Meeting |
| 8 | pm | Kacheripady | Chapel Blessing |
| 14 | pm | Pallippuram | Holy Mass for Feast |
| 16 - 27 | am | Mount St. Thomas | Syro-Malabar Bishops' Synod |

## *New Office-Bearers*

### Schoenstatt Fathers, Providence Region, Aluva

| | | |
|---|---|---|
| Regional Superior | - | Fr. Joy Puthussery |
| Councilors | - | Fr. Paul Panamkulam |
| | | Fr. Dr. Wilson Parekkatil |
| | | Fr. Jaison Adakkaaparamban |
| | | Fr. Christo Karakkattu |

***Congratulations and Prayerful Wishes to the New Office-Bearers***

കച്ചേരിക്കാര്യം

# അഭിനന്ദനങ്ങൾ



റോമിലെ ഉർബാനിയ യൂണിവേഴ്സിറ്റിയിൽ നിന്നും ബിബ്ലിക്കൽ തിയോളജിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബഹു. സോണി മഞ്ഞളി** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും. Dissertation Topic: "The Parable of the Pharisee and the Tax Collector: An Instruction on Prayer" (Luke 18:9-14).



സ്വിറ്റ്സർലണ്ടിലെ തിയോളജിക്കൽ ഫാക്കൽറ്റി ഓഫ് ലുഗാനോയിൽനിന്നും മോറൽ തിയോളജിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബഹു. റിജു വെളിയിൽ** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും. Dissertation Topic: Concerete Encounter with Mercy and Justice: Alphonsian Vision of Mercy as the Interpretative Key to Pope Francis.

**സർക്കുലർ: 07/2021** **22-07-2021**

## സമിതികളുടെ കാലാവധി

മിശിഹായിൽ പ്രിയ ബ. വൈദികരേ,

01/05/2021-ന് നൽകിയ സർക്കുലർ (03/2021) പ്രകാരം കൈക്കാരന്മാരുടേയും ഇടവക പ്രതിനിധിയോഗത്തിന്റെയും കുടുംബ യൂണിറ്റ് ഭാരവാഹികളുടെയും കാലാവധി 2021 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചിരുന്നുവല്ലോ.

എന്നാൽ, കോവിഡിന്റെ വ്യാപനതോതിന് കുറവ് സംഭവിച്ചിട്ടില്ലാത്തതിനാലും, മൂന്നാം തരംഗ സാധ്യത നിലനിൽക്കുന്നതിനാലും, തെരഞ്ഞെടുപ്പ് നടത്താനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇടവക പ്രതിനിധിയോഗത്തിന്റെയും കുടുംബ യൂണിറ്റ് ഭാരവാഹികളുടെയും കാലാവധി **2021 ഡിസംബർ 31 വരെ** ദീർഘിപ്പിച്ചിരിക്കുന്നു.

- തിരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിച്ചിട്ടുള്ള ഇടവകകളിൽ, ഈ കാലയളവിൽ അത് പൂർത്തിയാക്കാൻ സാധിച്ചാൽ പുതിയ ഭാരവാഹികൾ ക്രമപ്രകാരം സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേല്ക്കേണ്ടതാണ്.
- കൈക്കാരന്മാരുടെ സേവന കാലാവധി അവസാനിച്ചിട്ടുള്ള ഇടവകകളിൽ **2021 ജൂലൈ/ആഗസ്റ്റ്** മാസത്തിൽ പാരിഷ് കൗൺസിൽ യോഗം ചേർന്ന് (പള്ളിയിൽ വച്ചോ/ഓൺലൈൻ വഴിയോ) ക്രമപ്രകാരം കൈക്കാരന്മാരെ തിരഞ്ഞെടുത്ത് അവരുടെ നിയമനകല്പന അതിരൂപതാ കച്ചേരിയിൽനിന്നു വാങ്ങേണ്ടതാണ്.
- ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ സേവന കാലാവധി നിലവിലുള്ള പ്രതിനിധിയോഗത്തിന്റെ കാലാവധി അവസാനിക്കുന്നതു വരെയായിരിക്കും.
- ഈ പ്രത്യേക സാഹചര്യത്തിൽ, കൈക്കാരന്മാരെ മൂന്നാം തവണയും തെരഞ്ഞെടുക്കുന്നതിനുള്ള തടസ്സം ഒഴിവാക്കിയിരിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത



# നിര്യാതരായി



## ഫാ. ജോബ് കേളംപറമ്പിൽ

**ജനനം: 09-02-1949**
**തിരുപ്പട്ടം: 18-12-1975**
**മരണം: 22-07-2021**

ബഹുമാനപ്പെട്ട കേളംപറമ്പിൽ ജോബ് അച്ചൻ 1949 ഫെബ്രുവരി 09-ാം തീയതി തൈക്കാട്ടുശ്ശേരി ഇടവകയിലെ കേളംപറമ്പിൽ ഇയ്യോബ്-മറിയം ദമ്പതികളുടെ മൂന്ന് മക്കളിൽ ഒരാളായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് ആലുവ കാർമ്മൽഗിരി-മംഗലപ്പുഴ സെമിനാരികളിൽ വൈദികപരിശീലനം പൂർത്തിയാക്കി 1975 ഡിസംബർ 18-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ കിഴക്കമ്പലം ഇടവകയിൽ സഹവികാരിയായും തുടർന്ന് ചുള്ളി, മാടയ്ക്കൽ, കടക്കരപ്പള്ളി, ചാത്തമ്മ, പൊതിയക്കര, മേരിഗിരി, കിഴക്കുംമുറി, ലിസ്യു നഗർ, വടയാർ, തിരുമുടിക്കുന്ന്, പള്ളുരുത്തി, മൂക്കന്നൂർ, മറ്റൂർ, മേലൂർ എന്നീ ഇടവകകളിൽ വികാരിയായും സ്തുത്യർഹമായ രീതിയിൽ അജപാലന ശുശ്രൂഷ നിർവഹിച്ചു. 2017 ഫെബ്രുവരി മാസം മുതൽ തൃക്കാക്കര വിജോഭവനിൽ വിശ്രമ ജീവിതം നയിച്ചുവന്ന ജോബ് അച്ചൻ, വാർദ്ധക്യസഹജമായ അസുഖങ്ങളെതുടർന്ന് 72-ാം വയസ്സിൽ, 2021 ജൂലൈ 22-ാം തീയതി, വ്യാഴാഴ്ച, ഉച്ചയ്ക്ക് 1.45-ന് ഈ ലോകത്തിൽനിന്നും വിടപറഞ്ഞു. 23-ാം തീയതി രാവിലെ തൈക്കാട്ടുശ്ശേരിയിലുള്ള അച്ചന്റെ മാതൃഭവനത്തിൽ മൃതദേഹം പൊതുദർശനത്തിന് വച്ചു. തുടർന്ന്, തൈക്കാട്ടുശ്ശേരി പള്ളിയിൽ കൊണ്ടുവന്നു.

എല്ലാവരും ഏറെ ഇഷ്ടപ്പെട്ടിരുന്ന ബ. ജോബ് കേളംപറമ്പിൽ അച്ചന്റെ മൃതസംസ്കാര കർമ്മങ്ങളുടെ മൂന്നാം ഭാഗത്ത് അതിരൂപത മെത്രാപ്പോലീത്തൻ വികാരി അഭിവന്ദ്യ ആന്റണി കരിയിൽ പിതാവ് വിശുദ്ധ

കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. പാലക്കാട് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത്, അതിരൂപത മുൻ സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് ചക്യത്ത് എന്നീ പിതാക്കന്മാരും, ജോബ് അച്ചന്റെ ബന്ധുവും സി. എം. ഐ. മൈസൂർ പ്രൊവിൻഷ്യാളുമായ ബ. വർഗ്ഗീസ് കേളംപറമ്പിൽ, ബ. ആന്റണി കേളംപറമ്പിൽ സി.എം.ഐ., സഹപാഠി ബ. സെബാസ്റ്റ്യൻ പാലാട്ടി, ഇടവകക്കാരനായ ബ. കുരിയാക്കോസ് ഇരവിമംഗലം എന്നീ അച്ചന്മാരുമാണ് കരിയിൽ പിതാവിനോടൊപ്പം മദ്ബഹയിൽ സഹകാർമ്മികരായത്.

തന്റെ ആമുഖ പ്രസംഗത്തിൽ അഭിവന്ദ്യ ആന്റണി കരിയിൽ പിതാവ് ബ. ജോബച്ചനെ സമർപ്പിച്ച് പ്രാർത്ഥിക്കുകയും കുടുംബാംഗങ്ങൾക്ക് ആശ്വാസം പകരുകയും ചെയ്തു. 40 വർഷങ്ങൾക്കുമുൻപ് ചാത്തമ്മ പള്ളിയിൽ പിതാവിന്റെ പഠനവുമായി ബന്ധപ്പെട്ട് ജോബ് അച്ചൻ നൽകിയ സഹായസഹകരണങ്ങൾ പിതാവ് ഓർത്തെടുത്തു. ലാളിത്യം കൊണ്ടും വിനയംകൊണ്ടും അജപാലനശുശ്രൂഷയിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച വൈദികനാണ് ബ. ജോബ് അച്ചനെന്ന് കരിയിൽ പിതാവ് പറഞ്ഞു. യേശുവിന്റെ സുവിശേഷത്തിന് തന്റെ വിനയം നിറഞ്ഞ ജീവിതത്തിലൂടെ സാക്ഷ്യം നല്കിക്കൊണ്ടാണ് ജോബച്ചൻ യാത്രയായത്. ഹൃദയശാന്തതയുടെയും എളിമയുടെയും വിശുദ്ധിയുടെയും സുവിശേഷസന്ദേശം വിശ്വസ്തതയോടു കൂടി ജീവിച്ചു. ബ. ജോബ് കേളംപറമ്പിൽ അച്ചനെ സുവിശേഷഗ്രന്ഥം മുത്തിച്ചത് ബന്ധുവായ ബ. വർഗ്ഗീസ് കേളംപറമ്പിൽ അച്ചനാണ്.

കോവിഡ് പശ്ചാത്തലത്തിൽ നടന്ന ലളിതമായ ചടങ്ങിൽ അതിരൂപതാ വികാരി ജനറാളും നാട്ടുകാരനുമായ പെ. ബ. ജോസ് പുതിയേടത്ത് അച്ചനാണ് അനുസ്മരണ പ്രഭാഷണം നടത്തിയത്. പാരമ്പര്യമുള്ള തൈക്കാട്ടുശ്ശേരി പള്ളിയിൽ മാത്രമല്ല സേവനം ചെയ്ത എല്ലാ ഇടവകകളിലും ജോബച്ചന്റെ സാന്നിധ്യം വളരെ ശക്തമായിരുന്നു എന്നു പറഞ്ഞുകൊണ്ടാണ് ജോസച്ചൻ പ്രസംഗം തുടങ്ങിയത്. സ്നേഹത്തിന്റെയും കരുതലിന്റെയും ലാളിത്യത്തിന്റെയും നന്മയുടെയും നിറസാന്നിധ്യമായിരുന്നു അച്ചന്റെ ജീവിതം. ദൈവവിളികൾ ഏറെയുള്ള കേളംപറമ്പിൽ കുടുംബത്തിലെ വിശുദ്ധരായ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കുമിടയിലാണ് ജോബച്ചൻ വളർന്നത്. കേളംപറമ്പിൽ

ആന്റണി (തിരുവനന്തപുരം മലങ്കര സഭയിൽ സേവനം ചെയ്യുന്ന) വല്യച്ചൻ; ഹോളി ക്രോസ് സഭാംഗമായ കേളംപറമ്പിൽ ഇത്താക്കച്ചൻ തുടങ്ങിയ വലിയ മിഷണറിമാരുള്ള കുടുംബം ഇപ്പോൾ അഞ്ച് വൈദി കരാൽ ദൈവവിളിയിൽ സമ്പന്നമാണ്. 1980-ൽ ചുള്ളി ദേവാലയം പണി യുന്നതിന് വേണ്ടി ഏറെ കഷ്ടപ്പെട്ട ചെറുപ്പക്കാരനായ ജോബച്ചന്റെ അജപാലനശൈലിയുടെ നൈർമല്യവും പാവങ്ങൾക്കുവേണ്ടി ഏത് സഹനവും ഏറ്റുവാങ്ങാനുള്ള മനസും അന്ന് കണ്ടതാണ്. മലമുകളി ലേക്ക് വരുന്ന മലയാറ്റൂർ തീർത്ഥാടകരിൽ നിന്ന് പാട്ടപിരിവ് വാങ്ങി യതും പള്ളിവെഞ്ചിരിപ്പിന്റെ തലേദിവസം പോലും പിരിവിനിറങ്ങി രാത്രി വൈകി തൃപ്തിയോടെ മേടയിലേക്ക് വന്നുകയറുന്ന ജോബച്ച നെപ്പറ്റിയുള്ള മനോഹരമായ നേരനുഭവം പുതിയേടത്തച്ചൻ പങ്കുവച്ചു.

ആധിപത്യത്തിന്റെ ഭാഷ ഒരിക്കലും ഉപയോഗിക്കാതെ സ്നേഹത്തിന്റെ നല്ല ഇടയനായി അച്ചൻ അജഗണത്തിന് സ്വസ്ഥതയോടെ ജീവിക്കാ നുള്ള ഒരു അന്തരീക്ഷം എല്ലാ ഇടവകകളിലും ഉണ്ടാക്കി. അതിന് കാരണം അച്ചന്റെ വിശുദ്ധമായ പ്രാർത്ഥനയിലധിഷ്ഠിതവും ലാളിത്യ മാർന്നതുമായ പൗരോഹിത്യജീവിതമാണ്. സൗമ്യമായ സംസാരം കൊണ്ടും സൗഹൃദമായ പെരുമാറ്റം കൊണ്ടും എല്ലാവരോടുമുള്ള കരുതലിന്റെ ഭാഷ കൊണ്ടും അച്ചൻ എല്ലാ ഇടവകകളിലും അജ ഗണത്തെ സ്വാധീനിച്ചു. അച്ചന്റെ ജീവിതസൗകര്യങ്ങൾ ഏറ്റവും ലളിത മായ ജീവിതത്തിന്റേതാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവ നർപ്പിക്കുന്നു. അജഗണങ്ങൾക്ക് സ്വന്തം സുഖമോ സൗകര്യമോ നോക്കാതെ ജീവനർപ്പിച്ച വ്യക്തിയാണ് ജോബച്ചൻ. അച്ചന്റെ ലാളിത്യം വല്ലാത്ത വശ്യതയുള്ളതായിരുന്നു. ഒരിടത്തും വഴക്കുണ്ടാക്കാത്ത ആ ലളിതജീവിതം അവസാനിക്കുകയാണ്.

ഫ്രാൻസിസ് പാപ്പാ അജപാലകർക്ക് നല്കിയ സന്ദേശത്തിൽ പറഞ്ഞു. 'Be Pastors with the heart of Jesus.' ബ. ജോബ് കേളംപറമ്പിലച്ചൻ യേശു വിന്റെ ഹൃദയം പേറിയ ഒരു വ്യക്തിയായിരുന്നു. യേശുവിന്റെ ഹൃദയം സ്വന്തമാക്കി അജപാലനശുശ്രൂഷാരംഗത്ത് ജീവിച്ച വ്യക്തിയാണ് ജോബച്ചൻ. അച്ചന്റെ ജീവിതമാതൃക എല്ലാവർക്കും പ്രചോദനമാണ്. സാമൂഹികജീവിതത്തിൽ സുഖലോലുപത പടർന്നു പിടിക്കുമ്പോൾ അച്ചന്റെ ആഡംബരങ്ങളൊന്നുമില്ലാത്ത ലളിതജീവിതം എല്ലാ സമർ

പ്പിതർക്കും പ്രചോദനമാണ്. പഴയ നിയമത്തിലെ ജോബിന്റെ നാമം വഹിക്കുന്ന അച്ചനും ഒരുപാട് സഹനത്തിന്റെയും വേദനയുടെയും നാൾവഴികളുണ്ടായി. അവിടെയൊന്നും പതറാതെ യേശുവിൽ വിശ്വസിച്ച് ജീവിച്ച ജോബച്ചനെ സ്വർഗീയ പിതാവ് മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെയെന്ന് പ്രാർത്ഥിച്ച് പുതിയേടത്തച്ചൻ തന്റെ പ്രസംഗം അവസാനിപ്പിച്ചു.

ജോബ് കേളംപറമ്പിൽ അച്ചന്റെ മൃതദേഹസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗത്ത് അഭിവന്ദ്യ കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവാണ് മുഖ്യകാർമ്മികത്വം വഹിച്ചത്. അച്ചന്റെ വേർപാടിൽ അനുശോചനമറിയിച്ച ആലഞ്ചേരി പിതാവ് കേളംപറമ്പിൽ അച്ചനെ നന്ദിയോടെ അനുസ്മരിച്ചു. ജനങ്ങൾ ബ. ജോബ് അച്ചനെ വളരെയധികം സ്നേഹിച്ചിരുന്നു. അച്ചൻ ജനങ്ങളെ ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു. സേവനം ചെയ്ത എല്ലാ പള്ളികളിലും അച്ചന് നല്ല സഹകരണം ലഭിച്ചതിന്റെ പ്രധാന കാരണം എല്ലാവരുടെയും സഹകരണം അച്ചൻ തേടുകയും പ്രത്യേകിച്ച്, നിർമ്മാണ പ്രവർത്തനങ്ങളിലെല്ലാം അവരെ സഹകരിപ്പിക്കുകയും ചെയ്തു. ആ ജീവിതത്തിലെ ആത്മീയതയാണ് നല്ല വൈദികനായി അച്ചനെ കാണാൻ ജനങ്ങളെ പ്രേരിപ്പിച്ചത്. കർത്താവീശോമിശിഹായുടെ ശ്ലീഹന്മാരുടെയും വിശുദ്ധരുടെയും ഗണത്തിൽ സ്വർഗ്ഗത്തിൽ ദൈവത്തെ സ്തുതിക്കുവാൻ അച്ചന് സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നുവെന്ന് കർദിനാൾ പിതാവ് പറഞ്ഞു.

ശുശ്രൂഷചെയ്ത പള്ളികളിൽ ജീവിച്ചിരിക്കുന്ന വിശുദ്ധൻ എന്ന് ആളുകൾ ആദരവോടെ വിളിച്ചിരുന്ന ജോബച്ചൻ ജീവിതകാലത്തുതന്നെ അനേകർക്ക് പ്രചോദനമായിരുന്നു. ഇനിയും ഈ ദീപം ആയിരങ്ങൾക്ക് വഴിവിളക്കായി സ്വർഗ്ഗത്തിലിരുന്ന് പ്രകാശിക്കും. പിതാവായ ദൈവത്തിന്റെ ഭവനത്തിൽ തനിക്കായി ഒരുക്കിയിരിക്കുന്ന വാസസ്ഥലത്തേക്ക് യാത്രയായ ബ. ജോബ് കേളംപറമ്പിൽ അച്ചനെ, ഇനി സ്വർഗ്ഗത്തിൽ പരസ്പരം കാണാമെന്ന ഉറപ്പോടെ നേരുന്നു എറണാകുളം-അങ്കമാലി അതിരൂപതയുടെ യാത്രാമൊഴി.

## സി. ഗ്രെയ്സ് FCC



സെന്റ് ജോസഫ് കോൺവെന്റ്, കാരിക്കാമുറി

| | | |
|---|---|---|
| ജനനം | : | 01/10/1937 |
| വ്രതവാഗ്ദാനം | : | 11/05/1959 |
| മരണം | : | 03/07/2021 |

## സി. മേരി ഫാറ്റിമ വടക്കുംഞ്ചേരി SD



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 19/04/1933 |
| വ്രതവാഗ്ദാനം | : | 07/02/1954 |
| മരണം | : | 02/07/2021 |

## സി. യൂക്കറിസ്റ്റ ഒഴവൂർ SD



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 27/10/1927 |
| വ്രതവാഗ്ദാനം | : | 06/01/1949 |
| മരണം | : | 01/07/2021 |

## സി. ടെറസിന CMC



സെന്റ് ജോസഫ് കോൺവെന്റ്, തൃപ്പൂണിത്തുറ

| | | |
|---|---|---|
| ജനനം | : | 28/03/1921 |
| വ്രതവാഗ്ദാനം | : | 20/02/1947 |
| മരണം | : | 28/06/2021 |

# വാർത്തകളും വിശേഷങ്ങളും

## മാർ ജോസഫ് കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ ഭൗതിക അവശിഷ്ടം പുനഃസ്ഥാപിച്ചു



1961 ഏപ്രിൽ 11-ന് ഗോവ ഭദ്രാസന ദേവാലയത്തിൽനിന്ന് ജന്മനാടായ ആലങ്ങാട് കൊണ്ടുവന്ന് മാർ ജോസഫ് പാറേക്കാട്ടിലിന്റെ കാർമ്മികത്വത്തിൽ ആലങ്ങാട് സെന്റ് മേരീസ് പള്ളിയുടെ മദ്ബഹായിൽ സംസ്കരിച്ച മാർ ജോസഫ് കരിയാറ്റിലിന്റെ ഭൗതിക അവശിഷ്ടങ്ങളാണ് ഇപ്പോൾ പുനരുദ്ധരിച്ച കബറിടത്തിൽ പുനഃസ്ഥാപിച്ചത്. എറണാകുളം-അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ചുബിഷപ് ആന്റണി കരിയിലിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന സമൂഹബലിയോടുകൂടെയാണ് കബറിടത്തിന്റെ വെഞ്ചരിപ്പു കർമ്മം നടന്നത്. ആദ്യത്തെ തദ്ദേശീയ മെത്രാപ്പോലീത്തയായ മാർ ജോസഫ് കരിയാറ്റിൽ പിതാവ് സഭകളുടെ ഐക്യത്തിനുവേണ്ടി പ്രവർത്തിച്ച വ്യക്തിയാണെന്നും ഐക്യത്തിന്റെ സന്ദേശമാണ് അദ്ദേഹത്തിന്റെ ജീവിതം നൽകുന്നതെന്നും ആർച്ചുബിഷപ് ആന്റണി കരിയിൽ പറഞ്ഞു. ആലങ്ങാട് സെന്റ് മേരീസ് പള്ളി വികാരി റവ. ഫാ. പോൾ ചുള്ളിയാണ് കബറിടത്തിന്റെ പുനരുദ്ധാരണത്തിന് നേതൃത്വം നല്കിയത്.



## സിസ്റ്റർ ഫിദേലിസ് എസ്.ഡി. ഇനി ദൈവദാസി

എറണാകുളം-അങ്കമാലി അതിരൂപതയിലെ പുത്തൻപള്ളി ഇടവകാംഗമാണ് സിസ്റ്റർ ഫിദേലിസ്. തളിയത്ത് ജോസഫ്, മേരി ദമ്പതികളുടെ രണ്ടാമത്തെ മകളായി 1929 ഫെബ്രുവരി 20-നാണു കൊച്ചുത്രേസ്യയുടെ

ജനനം. മംഗലാപുരം സെന്റ് ആൻസ് കോളേജിൽ നിന്നു ഗണിത ശാസ്ത്രത്തിൽ സ്വർണമെഡലോടെ ബിരുദം നേടി. 1951-ൽ ചുണ ങ്ങംവേലിയിലുള്ള അഗതികളുടെ സഹോദരിമാർ (എസ്.ഡി.) എന്ന സന്യാസസമൂഹത്തിൽ ചേർന്നു. സിസ്റ്റർ ഫിദേലിസ് എന്ന പേരു സ്വീകരിച്ചു സന്യാസിനിയായി.

അമേരിക്കയിലെ ചിക്കാഗോ ലൊയോള യൂണിവേഴ്സിറ്റിയിൽ നിന്നും 1960-ൽ മെഡിസിൻ പഠനം പൂർത്തിയാക്കി. ജനറൽ സർജറിയിൽ ഉപ രിപഠനം നടത്തുകയും മികച്ച ശസ്ത്രക്രിയാവിദഗ്ദ്ധയെന്ന പേരു ലഭി ക്കുകയും ചെയ്തു. സിസ്റ്റർ ഫിദേലിസിനെ അന്നത്തെ അധികാരി കൾ പാവങ്ങൾക്കു വൈദ്യസഹായം നൽകുന്നതിനായി ഡൽഹിയി ൽ നിയോഗിച്ചു. അമേരിക്കയിലെ സഹപാഠികൾ സമ്മാനമായി നൽകിയ കാർ വിറ്റ് ആശുപത്രിയ്ക്കു വേണ്ട സ്ഥലം ഡൽഹിയിൽ സിസ്റ്റർ വാങ്ങി. അശോക് വിഹാറിലെ ഈ സ്ഥലത്താണ് പിന്നീട് സിസ്റ്റ റുടെ നേതൃത്വത്തിൽ ജീവോദയ ആശുപത്രി നിർമ്മിക്കപ്പെട്ടത്.

1973 മുതൽ 1977 വരെ അമേരിക്കയിൽ ഗൈനക്കോളജിയിൽ ഉപരി പഠനം നടത്തി. തുടർന്ന്, ഡൽഹിയിലെ പാവപ്പെട്ട സ്ത്രീകൾക്കും ദമ്പതിമാർക്കും വേണ്ടിയുള്ള ശുശ്രൂഷ ആരംഭിച്ചു. കുട്ടികളില്ലാത്ത ദുഃഖം അനുഭവിക്കുകയായിരുന്ന അനേകർക്ക് സിസ്റ്ററുടെ ചികിത്സയും പ്രാർത്ഥനയും പരിഹാരമേകി. തിരക്കേറിയ ഡോക്ടറായിരിക്കുമ്പോഴും ആത്മീയകാര്യങ്ങളിൽ വലിയ നിഷ്ഠ സിസ്റ്റർ പുലർത്തിയിരുന്നു. സഫ ലമായ ഒരു ജീവിതത്തിനു ശേഷം 2008 ജനുവരി 18 നു സിസ്റ്റർ ഫിദേലിസ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മരണശേഷവും സിസ്റ്ററുടെ പക്കൽ നിന്ന് അനേകർ ശാരീരികവും ആത്മീയവുമായ സൗഖ്യം നേടി. ഈ സാഹചര്യത്തിലാണ് സിസ്റ്റർ ഡോക്ടർ ഫിദേ ലിസ് തളിയത്ത് എസ്.ഡി. യുടെ വിശുദ്ധി ഔദ്യോഗികമായി അംഗീ കരിക്കുന്നതിനുള്ള നടപടികൾക്കു ഫരീദാബാദ് രൂപത തുടക്കമിട്ടത്. ഇതോടെ സിസ്റ്റർ ഫിദേലിസ് ഇനി ദൈവദാസി എന്നറിയപ്പെടും. ഫരി ദാബാദ് രൂപതാദ്ധ്യക്ഷനായ ആർച്ചുബിഷപ് കുര്യാക്കോസ് ഭരണികു ളങ്ങര, എസ് ഡി പ്രൊവിൻഷ്യൽ സിസ്റ്റർ ഗ്രേസ് കാട്ടേത്ത്, വികാരി ജനറാൾ മോൺ. ജോസഫ് ഓടനാട്ട് തുടങ്ങിയവർ രൂപതാതല അന്വേ ഷണ-ചരിത്ര കമ്മീഷന്റെ ഉദ്ഘാടനത്തിനു നേതൃത്വം നൽകി.

# ഫാ. സ്റ്റാൻ സാമി

*ഫാ. സ്റ്റാൻ സാമിയുടെ ചിതാഭസ്മം കലൂർ ലൂമെൻ ഈശോസഭാ ആശ്രമത്തിൽ കൊണ്ടുവന്നപ്പോൾ പുഷ്പാർച്ചന നടത്തി ആർച്ചു ബിഷപ് ആന്റണി കരിയിൽ പിതാവ് നൽകിയ സന്ദേശം.*

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ട വർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യവുമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു എന്ന യേശുവിന്റെ വിമോചന ദർശനം ഭാരതത്തിന്റെ മണ്ണിൽ ജീവി ച്ചുകാട്ടിയ, അങ്ങനെ ജീവിച്ചതിന്റെ വിലയായി സ്വജീവിതം തന്നെ ഹോമിച്ച മഹാനായ ഒരു മനുഷ്യസ്നേഹിയുടെ ചിതാഭസ്മത്തിനു മുമ്പിലാണ് നാമിപ്പോൾ ആയിരിക്കുന്നത്. തന്റെ 84 വർഷത്തെ ഭൗമി കജീവിതത്തിന്റെ ഭൂരിഭാഗവും പാവങ്ങളും പാർശ്വവൽക്കരിക്കപ്പെട്ട വരുമായ ആദിവാസികൾക്കുവേണ്ടി ഉഴിഞ്ഞുവച്ച ധീരനായ സന്യാ സി, ആദിവാസികളുടെ അവകാശങ്ങൾ നേടിയെടുക്കുവാൻ അവരോ ടൊപ്പം ആയിരുന്നു പ്രവർത്തിച്ച കർമ്മോൽസുകനായ മിഷനറി, അതിന്റെ പരിണിതഫലമായി സ്വജീവൻ തന്നെ ബലികൊടുത്ത യഥാർത്ഥ ക്രിസ്തുശിഷ്യൻ. എന്താണ് സഭയെന്നും സഭയുടെ ദൗത്യ മെന്തെന്നും തന്റെ ജീവിതത്തിലൂടെ ഫാ. സ്റ്റാൻ സാമി വ്യക്തമാക്കി. A Preferential Option for the Poor. പാവപ്പെട്ടവരുടെ പക്ഷം ചേരുന്ന സഭ, അവരുടെ യാതനകളിൽ കൂടെനില്ക്കുന്ന സഭ, അവർക്കെതിരെയുള്ള നീതിനിഷേധങ്ങളെ ചോദ്യം ചെയ്യുന്ന സഭ... ഈ സഭയെയാണ് ഫാ. സ്റ്റാൻ സാമി പ്രതിനിധീകരിച്ചത്.

പാവപ്പെട്ടവർക്കും അടിച്ചമർത്തപ്പെട്ടവർക്കും വേണ്ടിയുള്ള ഇത്തരം സുവിശേഷാധിഷ്ഠിത നിലപാടുകൾ ചൂഷകരുടെയും അടിച്ചമർത്തു ന്നവരുടെയും അധികാരവർഗ്ഗത്തിന്റെയും അപ്രീതി ക്ഷണിച്ചുവരുത്തും എന്നത് സ്വാഭാവികമാണ്. എന്നാൽ അത്തരം സമ്മർദ്ദതന്ത്രങ്ങളിലും അസ്വസ്ഥതകളിലും പതറാതെ ക്രൂശിതനായ ക്രിസ്തുവിന്റെ സഹന വഴിയെ സ്റ്റാൻ സാമി കാൽവരി കയറി. ജീവൻപോലും തൃണവല്ക്ക രിച്ചുകൊണ്ട് പോരാടി. മാനുഷികപരിഗണന തടവറയിൽപോലും അദ്ദേ

ഹത്തിനു നിഷേധിക്കപ്പെട്ടു. മരണം അദ്ദേഹത്തെ തിരിച്ചുവിളിച്ചെങ്കിലും നീതിയ്ക്കായുള്ള സ്റ്റാൻ സാമിയുടെയും സഭയുടെയും നിലവിളി ഇനിയും ഈ രാജ്യത്ത് ഉയരും എന്നത് ഉറപ്പാണ്. I am not a silent spectator, but part of the game, and ready to pay the price whatever be it. ഫാ. സ്റ്റാൻ സാമിയുടെ ഈ വാക്കുകൾ പാവപ്പെട്ടവരോടുള്ള നമ്മുടെ ദൗത്യത്തെ കൂടുതൽ തീഷ്ണതയുള്ളതാക്കട്ടെ.

ഫാ. സ്റ്റാൻ സാമി ഒരു ഈശോസഭാംഗം ആയിരുന്നു എന്ന് നമുക്കേവർക്കും അറിയാവുന്നതാണല്ലോ. ഈശോയുടെ സന്ദേശങ്ങളുടെ വിമോചനതലം മിഷനറി ശുശ്രൂഷകളിൽ പ്രത്യേകമാംവിധം പ്രകാശിപ്പിക്കുന്ന ഒരു സന്ന്യാസസഭയാണത്. ഫാ. സ്റ്റാൻ സാമിയെ രൂപപ്പെടുത്തിയതിൽ ഈശോസഭയ്ക്കും നിർണ്ണായകമായ പങ്കുണ്ട്. ഭാരതസഭയുടെ യശഃസ്സുയർത്തിക്കൊണ്ട് പ്രവർത്തിച്ച ഈ ധീരമിഷനറിയെ ഈ മണ്ണിനു സമ്മാനിച്ച ഈശോ സഭയ്ക്കും അതിന്റെ സുപ്പീരിയേഴ്സിനും ഹൃദയപൂർവ്വം നന്ദി അർപ്പിക്കട്ടെ. ഒരു സഹോദരവൈദികന്റെ വേർപാടിലുള്ള നിങ്ങളുടെ ദുഃഖത്തിൽ എറണാകുളം-അങ്കമാലി അതിരൂപതയും പങ്കുചേരുന്നു. കുടുംബാംഗങ്ങളെ പ്രാർത്ഥനാപൂർവ്വം ആശ്വസിപ്പിക്കുന്നു. ഞങ്ങൾക്ക് മാതൃകയും പ്രചോദനവുമായി കടന്നുപോയ ഫാ. സ്റ്റാൻ സാമിയുടെ ആത്മാവിനു നിത്യശാന്തി നേരുന്നു.

ഉത്ഥിതനായ ക്രിസ്തു നമ്മെ ആശ്വസിപ്പിക്കട്ടെ,



# വിശ്വാസപരിശീലനകേന്ദ്രം

## ആഗസ്റ്റ് മാസം ഞായറാഴ്ചകളിലെ വി. കുർബാനകൾ

| | |
|---|---|
| ആഗസ്റ്റ് 01 | കാരണക്കോടം സെന്റ് ജൂഡ് പള്ളി<br>(റവ. ഫാ. തോമസ് മംഗലശ്ശേരി) |
| ആഗസ്റ്റ് 08 | കൈപ്പട്ടൂർ നിത്യസഹായമാതാ പള്ളി<br>(റവ. ഫാ. ബർക്കുമൻസ് കൊടയ്ക്കൽ) |
| ആഗസ്റ്റ് 15 | കുടവെച്ചൂർ സെന്റ് മേരിസ് പള്ളി<br>(റവ. ഫാ. ജോർജ് നേരേവീട്ടിൽ) |
| ആഗസ്റ്റ് 22 | കാവിൽ സെന്റ് മൈക്കിൾ പള്ളി<br>(റവ. ഫാ. വർഗ്ഗീസ് പുന്നയ്ക്കൽ) |
| ആഗസ്റ്റ് 29 | കടവന്ത്ര സെന്റ് ജോസഫ് പള്ളി<br>(റവ. ഫാ. ബെന്നി മാരാംപറമ്പിൽ) |
| സെപ്റ്റം. 05 | പന്തയ്ക്കൽ സെന്റ് മദർ തെരേസ പള്ളി<br>(റവ. ഫാ. ആന്റണി വട്ടപറമ്പിൽ) |

ജൂലൈ 03 ശനിയാഴ്ച ദുക്റാന തിരുനാൾ ദിവസം മാർഗ്ഗം 2K21 ക്വിസ് നടത്തുകയുണ്ടായി. എറണാകുളം-അങ്കമാലി അതിരൂപതയുടെ ശതോത്തര രജതജൂബിലിയോട് അനുബന്ധിച്ച് നടത്തിയ ക്വിസ് പ്രോഗ്രാമിൽ 25 ചോദ്യത്തിന് മുഴുവൻ ശരിയുത്തരങ്ങൾ നൽകിയ വരുടെ പേരുകൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | Mary Sonia Dony Kochilan | Forane Church, Vallam |
| 2. | Rini Francis Parakka | Forane Church, Koratty |
| 3. | Kochurani Neju Vadakketh | Little Flower Church, Elamkulam |
| 4. | Jency Poulose Veliyath Payyappilly | Forane Church, Koratty |
| 5. | Jerrin Shaju Alukkal | St. George Church, Kalady |
| 6. | Jewel Mariya Antony Kelamparambil | St. Antony's Church, Achinakom |

| | | |
|---|---|---|
| 7. | Anna Chacko Karukayil | St. Antony's Church, Achinakom |
| 8. | Edwin Joseph Maria Vilasam | St. Francis Church, Kothavara |
| 9. | Jaly JosephTharappel | Forane Chuch, Thripunithura |
| 10. | Freddy Philip Manjaly | Assumption Church Neeleeswaram |
| 11. | Lilly Jacob Njarathadathil | Forane Chuch, Thripunithura |
| 12. | Treesa Philip Manjaly | Assumption Church Neeleeswaram |
| 13. | Sigi Jose Meledan | Forane Church, Koratty |
| 14. | Sebastian Varghese Pananchickal | Mary Immaculate Church Vimalagiri |
| 15. | Angel Maria Shaji Mavunkal | St. John Baptist Church S. Paravoor |

മാർഗ്ഗം 2K21 ക്വിസ് ഉത്തരങ്ങൾ catechismernakulam YouTube ചാനലിൽ ലഭ്യമാണ്. വിജയികൾക്ക് അഭിനന്ദനങ്ങൾ. സമ്മാനങ്ങൾ പിന്നീട് അറിയിച്ചു നൽകുന്നതാണ്.

**ദിദാക്കേ (Didache):** മാതാപിതാക്കൾക്കുവേണ്ടിയുള്ള ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം ജൂൺ, ജൂലൈ മാസങ്ങളിലായി ഈ വർഷം നടത്തുകയുണ്ടായി. മാതാപിതാക്കൾക്കും കുട്ടികൾക്കും അധ്യാപകർക്കും ഏറെ പ്രയോജനപ്രദവും ബോധ്യം പകരുന്നതുമായിരുന്നു ക്ലാസ്സുകൾ. ഈ പ്രോഗ്രാമിന് നേതൃത്വം നൽകിയത് ബ്രദർ എൽവിസ് കോട്ടൂരാൻ (ഡയറക്ടർ, ഡിവൈൻ മേഴ്സി ഫെല്ലോഷിപ്പ്), ഡോ. ജോൺ സി. ജെ. (സീനിയർ സൈക്യാട്രിസ്റ്റ്, മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, എറണാകുളം), റവ. ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ OFM Cap. എന്നിവരായിരുന്നു.

**ഗ്രാന്റ് പാരന്റ്സ് ഡേ (ജൂലൈ 25):** അതിരൂപതയുടെ ശതോത്തര രജതജൂബിലിയോട് അനുബന്ധിച്ച് അതിരൂപതയിലെ മൂന്ന് ഡിപ്പാർട്ടുമെന്റുകൾ ചേർന്ന് ആഘോഷിക്കുകയുണ്ടായി. കൂടാതെ, ജൂലൈ 26-ന് (വി. അന്ന, വി. ജൊവാക്കിം തിരുനാൾ) ഗ്രാന്റ് പാരന്റ്സ് ഡേ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിലും നടത്തി.

**വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനം (ജൂലൈ 28):** വീഡിയോ പ്രോഗ്രാം നടത്തി.

**ആഗസ്റ്റ് 04 - വി. ജോൺ മരിയ വിയാനി** ദിനത്തോടനുബന്ധിച്ച് നടത്തുന്ന രണ്ട് പ്രോഗ്രാമുകൾ:

a) **വിയാനി ചരിതം** - അതിരൂപതയുടെ ശതോത്തര രജതജൂബിലി വർഷത്തിൽ നമ്മുടെ അതിരൂപതയിലെ എല്ലാ കാറ്റിക്കിസം യൂണിറ്റുകളുടെയും പങ്കാളിത്തത്തോടെ വി. ജോൺ മരിയ വിയാനിയുടെ ജീവചരിത്രം അവതരിപ്പിക്കുന്ന ഒരു വീഡിയോ പ്രോഗ്രാം.

b) **'ഓർമ്മയിലൊരച്ചൻ'** - പൗരോഹിത്യത്തിന് ഊർജം പകരുന്നതിനും നല്ല പൗരോഹിത്യം കുടുംബങ്ങളിൽ ചർച്ചചെയ്യുന്നതിനും വേണ്ടി, നമുക്കറിയാവുന്നതും നമ്മെ സ്വാധീനിച്ചിട്ടുള്ളതുമായ അച്ചന്റെ/അച്ചന്മാരുടെ ഓർമ്മകളും അനു വങ്ങളും പങ്കുവയ്ക്കുന്നതിനു വേണ്ടി നടത്തുന്ന ഒരു മത്സരമാണ് 'ഓർമ്മയിലൊരച്ചൻ.'

**ആഗസ്റ്റ് 14** - Didache 12: മാതാപിതാക്കൾക്കുവേണ്ടിയുള്ള ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം. ആഗസ്റ്റ് 14-ാം തീയതി ശനി വൈകിട്ട് 8.30 മണി മുതൽ. ഈ പ്രോഗ്രാമിന് നേതൃത്വം നൽകുന്നത് ജസ്റ്റിസ് കുര്യൻ ജോസഫ് ആണ്.

**ആഗസ്റ്റ് 15 –** പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ.

വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും catechismernakulam & mediacatecheticalministry എന്നീ YouTube ചാനലുകളിൽ സംപ്രേക്ഷണം ചെയ്യുന്ന വിവിധ പ്രോഗ്രാമുകൾ എല്ലാവർക്കും അപ്പോൾത്തന്നെ ലഭ്യമാകുവാൻ അവ **Subscribe** ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുന്നതിന് നന്ദി.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

## ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2021 August - September

### Marriage Orientation Programme (MOP) (Online)

| **August** | **September** |
| --- | --- |
| Aug 03-04 | Sep 03-04 |
| Aug 06-07 | Sep 10-11 |
| Aug 13-14 | Sep 17-18 |
| Aug 17-18 | Sep 24-25 |
| Aug 24-25 | Sep 28-29 |
| Aug 27-28 | |

**ഓൺലൈൻ ബേബിഷൈൻ ധ്യാനം**

ആഗസ്റ്റ് 06-08

**ഓൺലൈൻ ദമ്പതിധ്യാനം**

ആഗസ്റ്റ് 27-29

**അനുയാത്ര (ഓൺലൈൻ പ്രോഗ്രാം)**

ആഗസ്റ്റ് 15

**ഫാമിലി ഔവർ**

| | | |
| --- | --- | --- |
| ആഗസ്റ്റ് | 07 | യൂദിത്ത് ഫോറം |
| ആഗസ്റ്റ് | 14 | ഗ്രെയ്സ് റിപ്പിൾസ് |
| ആഗസ്റ്റ് | 28 | എം.സി.സി |

**നന്ദിയോടെ...**

കുടുംബപ്രേഷിത കേന്ദ്രത്തിന്റെ മഞ്ഞപ്ര ഫൊറോന ഡയറക്ടറായി സ്തുത്യർഹമായി സേവനം ചെയ്ത ബഹു. ജോമോൻ കൈപ്രമ്പാട്ട

ച്ചന് കുടുംബപ്രേഷിത കേന്ദ്രത്തിന്റെ നന്ദി സ്നേഹപൂർവ്വം നേരുന്നതോടൊപ്പം പുതിയതായി ചാർജ്ജ് എടുത്തിരിക്കുന്ന ബഹു. ജോസഫ് പ്ലാക്കലച്ചന് സ്വാഗതവും പ്രാർത്ഥനാശംസകളും.

എറണാകുളം ഫൊറോന ആനിമേറ്റർ ആയി പുതുതായി ചാർജ് എടുത്തിരിക്കുന്ന സി. ലിസ്മേരി സി.എച്ച്.എഫിന് കുടുംബപ്രേഷിത കേന്ദ്രത്തിന്റെ സ്വാഗതവും പ്രാർത്ഥനാശംസകളും.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

# Naipunnya International

**Corporate Office, Broadway, Ernakulam Kochi 682031.**
**9446339966, 0484-2381947**

- **ടാലന്റ് ട്രാക്ക്**

– ടാലന്റ് ട്രാക്കിന്റെ ഭാഗമായി നൈപുണ്യ ഇന്റർനാഷണൽ ഏർപ്പെടുത്തിയിട്ടുള്ള സ്പോൺസർഷിപ് പദ്ധതി പ്രകാരം ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് എല്ലാവർഷവും പഠന സഹായം നൽകിവരുന്നു. ഈ വർഷത്തെ സഹായം ജൂലൈ മാസത്തിൽ 155 കുട്ടികൾക്ക് Rs.15,21,591.00 Bank transaction വഴി കുട്ടികളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു.

– ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഒരുക്കുന്ന NICE - Naipunnya International Communicative English, ഓഗസ്റ്റ് മാസത്തെ ബാച്ചിലേക്ക് താല്പര്യമുള്ളവരെ സ്വാഗതം ചെയ്യുന്നു.

- **Overseas Education:**

– Golden opportunity for Plus two and Degree students to study and settle abroad UK, Canada, Australia, New Zealand, Ireland and other European Countries.

- IELTS and OET Training online.

– ഇക്കൊല്ലം പത്താം ക്ലാസിൽ ഫുൾ എ പ്ലസ്സ് നേടിയ വിദ്യാർ

ത്ഥികളെ 'Explore' career guidance ൽ പങ്കെടുപ്പിച്ച് അഭിനന്ദിക്കുന്നു. ഓഗസ്റ്റ് 1 ഞായർ 11.45 am to 12.45 pm

## നൈപുണ്യ ഇന്റർനാഷണൽ, L.F. ക്യാംപസ്, അങ്കമാലി

**Contact: 9544919155, 9633338433**

നൈപുണ്യ ഇന്റർനാഷണൽ അങ്കമാലി ബ്രാഞ്ചിൽ IELTS, OET Coaching വളരെ മികച്ച രീതിയിൽ നൽകി വരുന്നു. എല്ലാ തിങ്കളാഴ്ച കളിലും ഓൺലൈൻ ആയി ആരംഭിക്കുന്ന പുതിയ ബാച്ചുകളിലേക്ക് എല്ലാ ദിവസവും അഡ്മിഷൻ ഉണ്ടായിരിക്കും. കൂടാതെ Overseas Education Counselling & Recruiting ആവശ്യത്തിനായി പ്രത്യേക വിഭാഗം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

## നൈപുണ്യ അക്കാദമി, തൃക്കാക്കര.

**Contact: 9544919133, 9947349966**

- **RUNNING PROGRAMS**

1. UGC NET PAPER I - Morning Batch (7.30 to 9.30)
2. BANK coaching and SSC coaching Regular
3. High Court Assistant -Evening Batch (6pm to 8pm)
4. Entrance Crash Course (ECC)
5. Entrance Two Year Course(ETC)
6. Entrance Preparatory Course (EPC)
7. Entrance Repeaters Batch
   - EPC VIII standard
   - EPC IX standard
   - EPC X standard
8. IELTS -Regular (Morning and Evening batch)

- **AUGUST PROGRAMS**

1. Entrance Repeaters ourse (ERC)
2. EntranceTwo Year Course (ETC)-New batch
3. UGC NET PAPER I and PAPER II
4. High court Assistant -Evening Batch (6pm to 8pm)
5. BANK coaching and SSC coaching Regular
6. IELTS -New batch

## നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ.

**Contact: 9544919144 , 04844029144**

- **ആഗസ്റ്റ് മാസത്തിലെ പ്രോഗ്രാമുകൾ**

1. വിദ്യാർത്ഥികൾക്ക് ഫ്രഞ്ച്, സ്പാനിഷ് ഭാഷ initial level coaching (15 hrs.) ബുധൻ, വെള്ളി ദിവസങ്ങളിൽ നടത്തപ്പെടുന്നു.
2. ഇറ്റാലിയൻ കോഴ്സ് പുതിയ ബാച്ചുകൾ (A1, A2, B1, B2 ) ആരംഭിക്കുന്നു.
3. ജർമൻ കോഴ്സ് പുതിയ ബാച്ചുകൾ (A1, A2, B1, B2) ആരംഭിക്കുന്നു.
4. സിവിൽ സർവീസ് റെഗുലർ, ഓറിയന്റേഷൻ, ഫൗണ്ടേഷൻ & സൺഡേ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.
5. 8, 9, 10, 11 & 12 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള NICSA സ്പെഷ്യൽ സിവിൽ സർവീസ് പ്രോഗ്രാമിലേക്കുള്ള അഡ്മിഷൻ തുടരുന്നു.
6. KAS ബാച്ചിലേക്കുള്ളഅഡ്മിഷൻ തുടരുന്നു.

**ഫാ. ജോൺസൺ വടക്കുഞ്ചേരി**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## സഹൃദയ ഓഫീസിൽ ഗ്രീൻ പ്രോട്ടോക്കോൾ

ഫ്രാൻസിസ് പാപ്പായുടെ ലൗദാത്തോ സി ആഹ്വാന പ്രകാരം പ്രകൃതി സൗഹൃദ പ്രവർത്തനങ്ങളുടെ മാതൃകകൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സഹൃദയ ഓഫിസിലും പരിസരത്തും ഗ്രീൻ പ്രോട്ടോക്കോൾ ചട്ടങ്ങൾ നടപ്പാക്കുന്നതിന് തുടക്കമായി. രണ്ടുമാസത്തെ പരീക്ഷണ, നിരീക്ഷണ പ്രവർത്തനങ്ങൾക്കുശേഷം ജൂലൈ മാസം മുതലാണ് ഗ്രീൻ പ്രോട്ടോക്കോൾ ചട്ടങ്ങൾ നടപ്പാക്കിയിട്ടുള്ളത്. വെള്ളം, വൈദ്യുതി, പേപ്പർ തുടങ്ങിയ വിഭവങ്ങളുടെ ഉപയോഗം, മാലിന്യങ്ങളുടെ കൈകാര്യം തുടങ്ങിയവയാണ് ഇപ്പോൾ പ്രധാനമായും ശ്രദ്ധിക്കുന്നത്. നമ്മുടെ സ്ഥാപനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന് താത്പര്യമുള്ളവർക്ക് സഹൃദയയുമായി ബന്ധപ്പെടാവുന്നതാണ്.

## ആരോഗ്യമാസാചരണം

നൈവേദ്യ ആയുർവേദ ആശുപത്രിയുടെ നേതൃത്വത്തിൽ കർക്കിടക ആരോഗ്യ മാസാചരണത്തിനു തുടക്കമായി. ഔഷധക്കഞ്ഞി വിതരണം, പ്രതിരോധ കിറ്റുകളുടെ വിതരണം, വയോജനങ്ങൾക്ക് സൗജന്യ പ്രതിവാര കൺസൾട്ടേഷൻ, ഓൺലൈൻ ആരോഗ്യ ബോധന പരിപാടികൾ, യോഗ വ്യായാമ പരിശീലനം, പ്രകൃതി സൗഹൃദ ജീവിത ശൈലി പ്രോത്സാഹനം തുടങ്ങിയവയാണ് ആരോഗ്യ മാസ കർമ പദ്ധതികളിലുള്ളത്. വർഷകാല ചികിത്സാ പാക്കേജുകൾ നൈവേദ്യ ആയുർവേദ ആശുപത്രിയിൽ ലഭ്യമാണ്. കർക്കിടക ഔഷധ കഞ്ഞി കിറ്റ് ആവശ്യമുള്ളവർക്ക് സഹൃദയ ഓഫിസുമായോ ആനിമേറ്റർമാരുമായോ ബന്ധപ്പെടാവുന്നതാണ്.

## സുധാർ - പോഷകാഹാര വിതരണം

പെരുമ്പാവൂർ, വാഴക്കുളം മേഖലകളിലെ അതിഥി തൊഴിലാളി കുടുംബങ്ങളിലെ അഞ്ചു വയസിൽ താഴെയുള്ള കുട്ടികൾക്ക് പോഷകാഹാര

വിതരണം നടത്തി. പാൽപ്പൊടി, ഗോതമ്പ് അവൽ, നെയ്യ്, റാഗി പൗഡർ, ഡ്രൈ ഫ്രൂട്സ് എന്നിവ അടങ്ങിയതാണ് പോഷകാഹാരകിറ്റ്.

## തൊഴിൽ വായ്പയും മൊബൈൽ ഫോൺ വിതരണവും

സഹൃദയ വിദ്യാദർശൻ രണ്ടാം ഘട്ട പദ്ധതിയിലൂടെ 300 കുട്ടികൾക്ക് ഓൺലൈൻ പഠനത്തിനായി മൊബൈൽ ഫോണുകളും കരുതൽ പദ്ധതിയുടെ ഭാഗമായി 200 സ്വയം സഹായ സംഘങ്ങളിലൂടെ രണ്ട് കോടി രൂപയുടെ സ്വയം തൊഴിൽ വായ്പയും നൽകി. ഞാറള്ളൂർ സെന്റ് ജോസഫ് പള്ളി ഹാളിൽ സംഘടിപ്പിച്ച യോഗത്തിൽ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഉല്ലാസ് തോമസ് വിതരണോദ്ഘാടനം നിർവഹിച്ചു.

## മോൺ. അഗസ്റ്റിൻ കണ്ടത്തിൽ ചരമ വാർഷികം

സേവ് എ ഫാമിലി പ്ലാൻ സ്ഥാപകൻ മോൺ. അഗസ്റ്റിൻ കണ്ടത്തി ലിന്റെ ഇരുപതാം ചരമവാർഷികം സൗഖ്യസദനിൽ ആചരിച്ചു.

## ഗ്രാൻഡ് പാരന്റ്സ് ഡേ ആചരണം

സഹൃദയയുടെ ആഭിമുഖ്യത്തിൽ സൗഖ്യസദൻ വയോജന മന്ദിരത്തിൽ ഗ്രാന്റ് പാരന്റ്സ് ഡേ ആചരണം നടത്തി.

## സൗജന്യ ശ്രവണ സഹായി വിതരണം

കേന്ദ്ര സർക്കാരിന്റെ അസിസ്റ്റൻസ് റ്റു ഡിസേബിൾഡ് പേഴ്സൻസ് ഫോർ പർച്ചേസിംഗ് എയ്ഡ്സ് ആൻഡ് അപ്ലയൻസസ് പദ്ധതിയുടെ ഭാഗമായി എം.ജി. യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസേർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിയുടെ സഹകരണത്തോടെ എറണാകുളം ജില്ലയിലെ കേൾവി വൈകല്യമുള്ള 180 പേർക്ക് 15,000.00 രൂപ വീതം വിലവരുന്ന ശ്രവണ സഹായി വിതരണം ചെയ്തു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# AICO

## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

| | |
|---|---|
| ജൂലൈ 8 | മഡോണ ചാരിറ്റബിൾ ട്രസ്റ്റ്, സൗത്ത് വാഴക്കുളം |
| ജൂലൈ 12 | ഭാരതമാത കോളേജ് എജ്യുക്കേഷണൽ ട്രസ്റ്റ് തൃക്കാക്കര |

**ഓൺലൈൻ ബഡ്ജറ്റ് മീറ്റിംഗ്**

| | |
|---|---|
| ജൂലൈ 21 | സുബോധന പാസ്റ്ററൽ സെന്റർ, അങ്കമാലി |
| ജൂലൈ 22 | നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ്, ചേർത്തല |
| ജൂലൈ 23 | വെൽഫെയർ സെന്റർ, വൈക്കം |
| ജൂലൈ 27 | നിവേദിത, ചുണങ്ങംവേലി |
| ജൂലൈ 29 | സോഷ്യൽ വെൽഫെയർ സെന്റർ, കളമശ്ശേരി |
| ജൂലൈ 30 | വിയാനി പ്രിന്റിങ്ങ്സ്, എറണാകുളം |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ജൂലൈ 1 | മാർ ലുയീസ്, കറുകുറ്റി |
| ജൂലൈ 1 | നൈപുണ്യ വെൽഫെയർസർവീസസ്, പൊങ്ങം |
| ജൂലൈ 5 | സെന്റ് ജോസഫ്സ് ITI, തുറവൂർ |
| ജൂലൈ 7 | നൈപുണ്യ വെൽഫെയർ സർവീസസ്, പൊങ്ങം |
| ജൂലൈ 12 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ജൂലൈ 14 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ജൂലൈ 14 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ജൂലൈ 20 | ലൂർദ്ദ് സെന്റർ, ആലുവ |
| ജൂലൈ 21 | നൈപുണ്യ വെൽഫെയർ സർവീസസ്, പൊങ്ങം |
| ജൂലൈ 22 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ജൂലൈ 23 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ജൂലൈ 23 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**ജൂൺ 2021**

19 ജോർജ് ആലഞ്ചേരി പിതാവ് ഞാറയ്ക്കൽ സെന്റ് മേരീസ് പള്ളിയിൽ ബ. സെബാസ്റ്റ്യൻ ശങ്കൂരിക്കലച്ചന്റെ സംസ്കാരശുശ്രൂഷകൾക്കു കാർമ്മികത്വം വഹിച്ചു.

ആന്റണി കരിയിൽ പിതാവ് ബ. സെബാസ്റ്റ്യൻ ശങ്കൂരിക്കലച്ചന്റെ നിര്യാണത്തിൽ ഞാറയ്ക്കൽ പള്ളിയിൽ മൃതസംസ്കാര ശുശ്രൂഷയിലെ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

22 ജോർജ് ആലഞ്ചേരി പിതാവ് ആരാധനക്രമകമ്മീഷന്റെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

23 ജോർജ് ആലഞ്ചേരി പിതാവ് ക്ലെർജികമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കേരളത്തിനു പുറത്തുള്ള രൂപതകളിലെ വൈദികസമിതി സെക്രട്ടറിമാരുടെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

24 ആന്റണി കരിയിൽ പിതാവ് അതിരൂപതയിൽ നിന്നും വിദേശത്ത് ശുശ്രൂഷ ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികരുടെ യോഗത്തിൽ ഓൺലൈൻ ആയി പങ്കെടുത്തു.

25 ആന്റണി കരിയിൽ പിതാവ് അരമനയിൽ നടന്ന കൺസൾട്ടേഴ്സ് ബോഡി യോഗത്തിലും, ഫിനാൻസ് കമ്മിറ്റി യോഗത്തിലും ആധ്യക്ഷ്യം വഹിച്ചു.

26 ആന്റണി കരിയിൽ പിതാവ് അതിരൂപതാ കെ.സി.എസ്.എൽ. പ്രവർത്തനവർഷ ഉദ്ഘാടനം ഓൺലൈൻ ആയി നിർവഹിച്ചു

27 ആന്റണി കരിയിൽ പിതാവ് അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ നടത്തിയ വിധവാസംഗമം (യൂദിത്ത് മീറ്റ്) ഉദ്ഘാടനം ചെയ്തു.

29 ആന്റണി കരിയിൽ പിതാവ്, എറണാകുളം SRM റോഡിലുള്ള മദർ തെരേസാ കോൺവെന്റിൽ നിര്യാതയായ സി. സാവിയോയുടെ മൃത ദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി അനുശോചനം രേഖപ്പെടുത്തി.

**ജൂലൈ 2021**

1 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം ലിസി ആശുപത്രിയിൽ ചികിത്സയിലായിരുന്ന മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനെ സന്ദർശിച്ചു.

ആന്റണി കരിയിൽ പിതാവ് വൈദികരുടെ ആദ്യബാച്ച് വാർഷിക ധ്യാനത്തിൽ ഓൺലൈൻ ആയി പങ്കെടുത്ത് സന്ദേശം നല്കി.

2 ജോർജ് ആലഞ്ചേരി പിതാവ് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ വജ്ര ജൂബിലി ആഘോഷം ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു.

3 ജോർജ് ആലഞ്ചേരി പിതാവ് സഭാദിനത്തോടനുബന്ധിച്ചു മൗണ്ട് സെന്റ് തോമസിൽ പതാക ഉയർത്തി. മൗണ്ട് സെന്റ് തോമസിൽ ദുക്റാന തിരുനാളിനോട് അനുബന്ധിച്ചു റാസ കുർബാനയിൽ മുഖ്യകാർമികത്വം വഹിച്ചു. മൗണ്ട് സെന്റ് തോമസിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞാചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. യൂറോപ്പ് അപ്പസ്തോലിക് വിസിറ്റേഷൻ ഓൺലൈനിൽ സംഘടിപ്പിച്ച ലീഡർഷിപ്പ് മീറ്റ് ഉദ്ഘാടനം ചെയ്തു.

7 ജോർജ് ആലഞ്ചേരി പിതാവ് പി. ഒ. സി. യിൽ സംഘടിപ്പിച്ച മോൺ. ജോർജ് കുരുക്കൂറിന്റെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

8 ജോർജ് ആലഞ്ചേരി പിതാവ് പെർമനെന്റ് സിനഡിന്റെ ഓൺലൈനിൽ മീറ്റിംഗിൽ പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ് വൈദികരുടെ രണ്ടാം ബാച്ച് വാർഷിക ധ്യാനത്തിൽ ഓൺലൈൻ ആയി പങ്കെടുത്ത് സന്ദേശം നല്കി.

11 ആന്റണി കരിയിൽ പിതാവ് ബിഷപ്ഹൗസിൽ ഫാ. സേവ്യർ തേലക്കാട്ട് എഴുതിയ 'കവിതാസമാഹാരത്തിന്റെ' പ്രകാശനകർമ്മം നിർവഹിച്ചു.

12 ആന്റണി കരിയിൽ പിതാവ് തൃക്കാക്കര ഭാരത മാതാ കോളേജിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

13 ജോർജ് ആലഞ്ചേരി പിതാവ് കാലംചെയ്ത ഓർത്തഡോക്സ് സഭയുടെ മേലധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതിയൻ കാതോലിക്കാ ബാവായുടെ ആത്മശാന്തിക്കായി ദേവലോകം അരമനയിൽ എത്തി പ്രാർഥന നടത്തി.

14 ആന്റണി കരിയിൽ പിതാവ് എറണാകുളം ലിസി ഹോസ്പിറ്റൽ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

15 ജോർജ് ആലഞ്ചേരി പിതാവ് റോമിൽ നിന്നു സംഘടിപ്പിച്ച സിനഡൽ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

16 ജോർജ് ആലഞ്ചേരി പിതാവ് എൻ. ബി. സി. എൽ. സി. സംഘടിപ്പിച്ച വെബിനാറിൽ *'ആന്റിക്കും മിനിസ്റ്റീരിയും'* എന്ന അപ്പസ്തേലിക ലേഖനത്തെക്കുറിച്ചുള്ള പേപ്പർ അവതരിപ്പിച്ചു. ഓർത്തഡോക്സ് സഭയുടെ കാലംചെയ്ത മേലദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർതോമ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ

അനുസ്മരണാർത്ഥം ഗ്ലോറിയ ന്യൂസ് സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

17 ജോർജ് ആലഞ്ചേരി പിതാവ് എസ്. എം. വൈ. എം. തുരുത്തി ഫൊറോന സംഘടിപ്പിച്ച 'ഇടയനോടൊപ്പം' എന്ന ഓൺലൈൻ പരിപാടിയിൽ പങ്കെടുത്തു സന്ദേശം നൽകി.

18 ആന്റണി കരിയിൽ പിതാവ് സി. ഫിദേലിസ് എസ്.ഡി. യുടെ നാമകരണ നടപടികൾ ആരംഭിച്ചതിനോടനുബന്ധിച്ച് ജന്മസ്ഥലമായ പുത്തൻപള്ളിയിൽ കൃതജ്ഞതാബലി അർപ്പിച്ച് അനുസ്മരണപ്രഭാഷണം നടത്തി.

19 ജോർജ് ആലഞ്ചേരി പിതാവ് കൊച്ചി ല്യൂമെൻ ജ്യോതിസ് സെന്ററിൽ നടന്ന സ്റ്റാൻ സ്വാമി അനുസ്മരണ ചടങ്ങിൽ സംബന്ധിച്ചു ചിതാഭസ്മത്തിൽ പുഷ്പാർച്ചന നടത്തി സന്ദേശം നൽകി. ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ്, കലൂർ ലൂമെൻ ഈശോസഭാ ആശ്രമത്തിൽ കൊണ്ടുവന്ന ഫാ. സ്റ്റാൻ സാമിയുടെ ചിതാഭസ്മത്തിൽ പുഷ്പാർച്ചന നടത്തി സന്ദേശം നൽകി.

20 ജോർജ് ആലഞ്ചേരി പിതാവ് സീറോമലബാർ ദൈവവിളി കമ്മീഷൻ സംഘടിപ്പിച്ച വൊക്കേഷൻ പ്രോമോട്ടേഴ്സിന്റെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ആർച്ച്ബിഷപ് മാർ ജോസഫ് പൗവ്വത്തിലിന്റെ മെത്രാഭിഷേകത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച വെബിനാറിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

21 ജോർജ് ആലഞ്ചേരി പിതാവ് മൂവാറ്റുപുഴ കാണ്ടനാട് ഈസ്റ്റ് ഓർത്തഡോക്സ് ഭദ്രാസനം ബസേലിയോസ് മാർതോമ പൗലോസ് ദ്വിതീയൻ കതോലിക്കാ ബാവായുടെ അനുസ്മരണാശുശ്രൂഷയിൽ പങ്കെടുക്കുകയും അനുസ്മരണസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. സി. ബി. സി. ഐ. യുടെ ദൈവശാസ്ത്ര കമ്മീഷൻ സംഘടിപ്പിച്ച ദൈവശാസ്ത്രജ്ഞന്മാരുടെ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ് സെഹിയോൻപുരം ഇടവകയിൽ ബ. തോമസ് പൈനാടത്ത് അച്ചന്റെ സഹോദരന്റെ നിര്യാണത്തിൽ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി അനുശോചനം രേഖപ്പെടുത്തി.

22 ജോർജ് ആലഞ്ചേരി പിതാവ് മേജർ ആർക്കിഎപ്പിസ്കോപ്പൽ ട്രിബ്യൂണലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച രൂപതകളിലെ ജുഡീഷ്യൽ വികാരിമാരുടെ ഓൺലൈൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.

## ആഗസ്റ്റ് 04
## വിശുദ്ധ ജോൺ മരിയ വിയാനിയുടെ
## തിരുനാൾ



**"When the heart is pure and simple
it cannot help loving, because it has discovered
the source of love which is God."**
**St. John Maria Vianney**

Registered No. KL/EKM/748/2019-21

RNI No. 3421/57
Date of Publication: 01.08.2021

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM




O most watchful guardian of the Holy Family,
defend the chosen children of Jesus Christ;
O most loving father, ward off from us
every contagion of error and corrupting influence;
O our most mighty protector, be kind to us
and from heaven assist us in our struggle
with the power of darkness.

As once you rescued the Child Jesus from deadly peril,
so now protect God's Holy Church
from the snares of the enemy and from all adversity;
shield, too, each one of us by your constant protection,
so that, supported by your example and your aid,
we may be able to live piously, to die in holiness,
and to obtain eternal happiness in heaven.
Amen.

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam, Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and Printed at Viani Printings, Viani Buildings, No. XXXIX/1524, Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Fr. Varghese Perumayan